03
ജൂൺ
ചൊവ്വ 2025
1200 എടവം 20
Vol 07 Issue No 303

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

`7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



*സംസ്ഥാന സ്കൂൾ പ്രവേശനോത്സവം ആലപ്പുഴ ജില്ലയിലെ കലവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

## കേരളത്തിൽ ടെസ്റ്റുകൾ കൃത്യമായതുകൊണ്ടാണ് കോവിഡ് കേസുകളിൽ വർധന– വീണജോർജ്ജ്

**തിരുവനന്തപുരം:** കേരളത്തിൽ കോവിഡ് കൃത്യമായി ടെസ്റ്റ് ചെയ്യുന്നതുകൊണ്ടാണ് കോവിഡ് കേസുകളിൽ വർധന കാണുന്നതെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്. കോവിഡ് മരണം ഏറ്റവും കൃത്യമായി രേഖപ്പെടുത്തിയ സംസ്ഥാനം കേരളമാണെന്ന റിപ്പോർട്ട് വന്നതാണ്. ആഗോളതലത്തിൽ കോവിഡ് ടെസ്റ്റുകളിൽ വർധന കണ്ടപ്പോൾത്തന്നെ വ്യാപകമായി ടെസ്റ്റ് ചെയ്യാൻ തുടങ്ങിയിരുന്നുവെന്നും അതുകൊണ്ടാണ് പോസിറ്റീവ് കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തതെന്നും മന്ത്രി പറഞ്ഞു. ''ടെസ്റ്റ് ചെയ്യുന്നു, കണക്ക് കൃത്യമായി രേഖപ്പെടുത്തുന്നു. അതുകൊണ്ട് ഒരു ആശങ്കയും വേണ്ട. ഇത് സംബന്ധിച്ച വളരെ സൂക്ഷ്മമായ നിരീക്ഷണം നടത്തുന്നുണ്ട്. അധികം തീവ്രമാകാത്ത വകഭേദമാണെന്ന് തെളിഞ്ഞെങ്കിലും വ്യാപനശേഷി കൂടുതലാണ്.''- മന്ത്രി പറഞ്ഞു.


രോഗങ്ങൾ ഉള്ളവരാണ് മാസ്ക് ധരിക്കുന്നത് ഉൾപ്പെടെയുള്ള പ്രത്യേകം മുൻകരുതൽ എടുക്കേണ്ടതെന്നും ആരോഗ്യമന്ത്രി വ്യക്തമാക്കി. മറ്റ് രോഗങ്ങൾ ഉള്ളവർക്കാണ് കോവിഡ് വന്നാൽ ഗുരുതരമാകുന്നത്.



ആശുപത്രികളിലേക്കുള്ള അനാവശ്യ സന്ദർശനം ഒഴിവാക്കുകയും ആരോഗ്യപ്രവർത്തകർ കൃത്യമായി ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പാലിക്കുകയും ചെയ്യണമെന്നും വീണ ജോർജ് കൂട്ടിച്ചേർത്തു. ദക്ഷിണപൂർവേഷ്യൻ രാജ്യങ്ങളിൽ രോഗം പടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ജില്ലകളിൽ ഏതെങ്കിലും മേഖലകളിൽ രോഗപ്പകർച്ചയുണ്ടോയെന്ന് നിരീക്ഷിച്ച് പ്രതിരോധപ്രവർത്തനങ്ങൾ നടത്താൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ആരോഗ്യവകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.. വൈറസിന് വകഭേദം വന്നിട്ടുണ്ടോ എന്നറിയാനുള്ള സാംപിൾ പരിശോധനയും ആരംഭിച്ചിട്ടുണ്ട്. 18 വയസ്സിനു മുകളിലുള്ളവരിലേറെയും പ്രതിരോധ വാക്സിൻ സ്വീകരിച്ചിട്ടുള്ളതിനാൽ ഭയപ്പെടേണ്ട സാഹചര്യമില്ലെന്നാണ് ആരോഗ്യവകുപ്പ് വ്യക്തമാക്കുന്നത്.

## പാക് അധിനിവേശ കശ്മീരിൽ സർക്കാരിനെതിരെ ജനരോഷം ശക്തം; ചൈന–പാക്ദേശീയപാതയിൽ ഉപരോധം

**ഇസ്ലാമാബാദ്:** പാകിസ്താനിൽ പ്രധാനമന്ത്രി ഷഹബാസ് ഷെരീഫിന്റെ നേതൃത്വത്തിലുള്ള ഭരണകൂടത്തിനെതിരെ പ്രതിഷേധവുമായി പാക് അധിനിവേശ കശ്മീരിന്റെ ഭാഗമായ ഗിൽജിത്-ബാൾട്ടിസ്താനിലെ ആയിരക്കണക്കിനാളുകൾ തെരുവിൽ. ചൈനയേയും പാകിസ്താനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കാരക്കോറം ദേശീയപാത മൂന്ന് ദിവസമായി പ്രതിഷേധക്കാർ ഉപരോധിച്ചിരിക്കുകയാണ്. ഭീകരർക്ക് ഭരണകൂടം നഷ്ടപരിഹാരം അനുവദിക്കുകയും വ്യാപാരികൾക്ക് നൽകാതിരിക്കുകയും ചെയ്തതാണ് പ്രതിഷേധത്തിനുകാരണമെന്ന് ഷെരീഫിന്റെ പാർട്ടിയിലെ ഒരു നേതാവ് വാർത്താ ഏജൻസിയോട് പറഞ്ഞു. പ്രധാനപാതയിലെ ഗതാഗതം പൂർണമായും തടസ്സപ്പെട്ടിരിക്കുകയാണ്. പാക് ഭരണകൂടത്തിന്റെ വ്യാപാരനയങ്ങൾക്കെതിരെയും ഷഹബാസ് ഷെരീഫ് നേതൃത്വം നൽകുന്ന സർക്കാരിനെതിരെയും ഭരണകക്ഷിയായ പിഎംഎൽ(എൻ) ഉൾപ്പെടെ വിവിധ രാഷ്ട്രീയകക്ഷികൾ പിന്തുണ നൽകുന്ന ഗിൽജിത്-ബാൾട്ടിസ്താനിലെ വ്യാപാരികളാണ് പ്രതിഷേധവുമായി രംഗത്തുള്ളത്. ചൂഷണത്തിനും സാമ്പത്തിക തകർച്ചയ്ക്കും വഴിവെക്കുന്ന പുതിയ നിയമത്തിനെതിരെയാണ് വ്യാപാരികളുടെ പ്രതിഷേധം. തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ ദേശീയപാതയിൽ കുത്തിയിരിപ്പ് പ്രതിഷേധം തുടരുമെന്നാണ് വ്യാപാരികൾ പറയുന്നതെന്ന് ഡോൺ റിപ്പോർട്ട് ചെയ്തു.



വ്യാപാരികൾ, പണ്ഡിതർ, ഹൻസയിലേയും ഗിൽജിത്തിലേയും സമീപപട്ടണങ്ങളിലേയും വിവിധ സംഘടനകളിലെ അംഗങ്ങൾ എന്നിവർ പ്രതിഷേധത്തിൽ അണിനിരന്നിരിക്കുകയാണ്. ഭൂമിയും ധാതുസമ്പത്തും തട്ടിയെടുക്കുന്നതിനും അനിശ്ചിതമായ വൈദ്യുതി തടസ്സങ്ങൾക്കും കാരണമായേക്കാവുന്ന നിയമം കൊണ്ടുവരുന്നതിനെതിരെ ഗിൽജിത്-ബാൾട്ടിസ്താനിൽ ഒരുമാസക്കാലമായി തുടരുന്ന പ്രതിഷേധത്തിന്റെ ഭാഗമായാണ് ഇപ്പോൾ ദേശീയപാതയിലെ ഉപരോധം. 2023 ഓക്ടോബറിൽ ഇന്ത്യയിലെ കാർഗിലിലേക്കുള്ള റോഡ് തുറക്കണമെന്നാവശ്യപ്പെട്ട് ഗിൽജിത്-ബാൾട്ടിസ്താനിൽ പ്രതിഷേധം ഉയർന്നിരുന്നു. പ്രമുഖ ആക്ടിവിസ്റ്റായ ഷബ്ബീർ മയ്യാറിന്റെ നേതൃത്വത്തിൽ പ്രതിഷേധം ശക്തമായതോടെ ഷബ്ബീർ അറസ്റ്റിലാകുകയും ഭീകരവാദത്തിനെതിരെയുള്ള നിയമപ്രകാരം ശിക്ഷിക്കപ്പെടുകയും ചെയ്തിരുന്നു.

# യുഡിഎഫിനെ വിമർശിച്ച് ലീഗ് എംഎൽഎ

### ന്യായമായ എന്ത് ആവശ്യം ഉന്നയിച്ചാലും പരിഗണിക്കണം, അൻവർ അടഞ്ഞ അദ്ധ്യായമല്ല

**മലപ്പുറം:** പിവി അൻവറിനെ കൂടെ നിർത്തി പ്രവർത്തിക്കാനാണ് മുസ് ലീം ലീഗ് ആഗ്രഹിച്ചിരുന്നതെന്ന് വള്ളിക്കുന്ന് എംഎൽഎ പി അബ് ദുൽ ഹമീദ്. കഴിഞ്ഞ ദിവസം ചേർന്ന യോഗത്തിൽ പ്രതിപക്ഷ നേതാവ് വിഡി സതീശൻ അനാവശ്യ വാശി കാണിച്ചെന്ന് ലീഗ് വിമർശിച്ചിരുന്നു. ഇതിനുപിന്നാലെയാണ് അബ്ദുൽ ഹമീദ് യുഡിഎഫിനെ പരസ്യമായി തളളിപ്പറഞ്ഞത്. യുഡിഎഫിന്റെ രാഷ്ട്രീയം തന്നെയാണ് അൻവറിന്റേതെന്നും നിലമ്പൂരിൽ ജയിക്കേണ്ടത് ലീഗിന്റെ മാത്രം ഉത്തരവാദിത്തമല്ലെന്നും എംഎൽഎ വ്യക്തമാക്കി. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ചുമതലയുള്ള മുസ്ലിം ലീഗ് നേതാക്കളുടെ യോഗത്തിലാണ് വിമർശനം. 'അൻവറിനെ കൂടെ നിർത്തി പ്രവർത്തിക്കണമെന്നാണ് ലീഗ് ആഗ്രഹിച്ചത്. അതിനായി ശ്രമിച്ചു. അൻവർ ഇപ്പോഴും അടഞ്ഞ അദ്ധ്യായമല്ല. നാമനിർദ്ദേശപത്രിക സമർപ്പിച്ചാലും പിൻവലിക്കാൻ സമയമുണ്ട്.



യുഡിഎഫ് നേതൃത്വം പുതിയ സാഹചര്യം മനസിലാക്കി അതിന് മുൻകൈയെടുക്കണം. ലീഗിന് കൂടുതൽ സ്വാധീനമുള്ള ജില്ലയാണ് മലപ്പുറം. അൻവർ രാജികൊടുത്ത ഉടൻ തന്നെ ഉപതിരഞ്ഞെടുപ്പിന് തയ്യാറായ പാർട്ടിയാണ് ലീഗ്. അൻവറിനെ ഒപ്പം കൂട്ടാൻ പാണക്കാട് സയ്യിദ് സാദിഖലി തങ്ങളും പി.കെ. കുഞ്ഞാലിക്കുട്ടിയും ഒരുപാട് സമയം ചെലവഴിച്ചു. ഈ തിരഞ്ഞെടുപ്പിന് കളമൊരുക്കിയതു തന്നെ അൻവറാണ്. അദ്ദേഹം ഇപ്പോഴും മുഖ്യമന്ത്രി പിണറായി വിജയനെതിരെ യുദ്ധമുഖത്തുണ്ട്. അൻവർ ന്യായമായ എന്ത് ആവശ്യമുന്നയിച്ചാലും പരിഗണിക്കണം. അൻവറിനെ അനുനയിപ്പിക്കാൻ സതീശൻ ശ്രമിച്ചില്ല. അനാവശ്യ വാശിയാണ് ഇക്കാര്യത്തിൽ സതീശൻ കാണിച്ചത്'- അബ് ദുൽ ഹമീദ് വ്യക്തമാക്കി.




## കേരളം കാണാനെത്തി; രണ്ട് യെമൻ പൗരന്മാരായ വിദ്യാർത്ഥികളെ കൊച്ചി കടലിൽ കാണാനില്ല

**കൊച്ചി:** യെമൻ പൗരന്മാരായ രണ്ടുപേരെ കടലിൽ കാണാതായി. എറണാകുളം പുതുവൈപ്പിനിലാണ് സംഭവം. ജുബ്രാൻ, അബ്ദുൾ സലാം എന്നിവരെയാണ് കാണാതായത്. ഒമ്പത് പേരടങ്ങുന്ന യെമൻ വിദ്യാർത്ഥികൾ കേരളം കാണാനായി എത്തിയതായിരുന്നു. കോയമ്പത്തൂരിലെ ഒരു കോളേജിലാണ് ഇവർ പഠിക്കുന്നത്. ഞാറയ്ക്കൽ വിളപ്പിൽ ബീച്ചിലാണ് ഇവർ കുളിക്കാനിറങ്ങിയത്. ഉച്ചയ്ക്ക് 12 മണിയോടെയാണ് ഇവർ കടലിൽ ഇറങ്ങിയത്. പ്രക്ഷുബ്ധമായ കാലാവസ്ഥ ആയതിനാൽ കടലിൽ ഇറങ്ങരുതെന്ന് വിദ്യാർത്ഥികളോട് മത്സ്യത്തൊഴിലാളികൾ പറഞ്ഞിരുന്നു. എന്നാൽ, ഭാഷയുടെ പ്രശ്നമുള്ളതിനാലാകാം ഇവർക്ക് കാര്യം മനസിലായില്ല. 12.30ഓടെ ഇവരെ കാണാതായി. സ്ഥലത്ത് കോസ്റ്റ്ഗാർഡും നാവികസേനയും ഫയർഫോഴ്സും തെരച്ചിൽ നടത്തുന്നുണ്ട്. ഈ ബീച്ചിൽ മുമ്പും നിരവധി ആളുകളെ കാണാതായിട്ടുണ്ടെന്ന് അധികൃതർ പറഞ്ഞു.



## പ്രധാനമന്ത്രി നരേന്ദ്രമോദി ജി7 ഉച്ചകോടിയിൽ നിന്ന് വിട്ടുനിൽക്കും: ആറ് വർഷത്തിനിടെ ഇത് ആദ്യം



**ന്യൂഡൽഹി:** കാനഡയുമായുള്ള ബന്ധം വഷളായ സാഹചര്യത്തിൽ അവിടെ നടക്കാനിരിക്കുന്ന ജി7 ഉച്ചകോടിയിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിട്ടുനിൽക്കും. ആറ് വർഷത്തിനിടെ ഇതാദ്യമായാണ് പ്രധാനമന്ത്രി ഈ ചടങ്ങിൽ നിന്നും വിട്ടു നിൽക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക സമ്പദ്വ്യവസ്ഥകളുടെ കൂട്ടായമയായ യൂറോപ്യൻ യൂണിയൻ, ഐഎംഎഫ്, ലോകബാങ്ക്, ഐക്യരാഷ്ട്രസഭ എന്നിവർ ഭാഗമാകുന്ന ഉച്ചകോടിയിൽ നിന്നാണ് പ്രധാനമന്ത്രി വിട്ടുനിൽക്കുന്നത്. അടുത്തിടെയാണ് ലോകത്തിലെ ഏറ്റവും വലിയ നാലാമത്തെ സമ്പദ്വ്യവസ്ഥയെന്ന പദവി ഇന്ത്യ നേടിയെടുത്തത്. വളരെ സാവധാനത്തിലുള്ള കാനഡയുടെ സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ കാനഡയുടെ വ്യാപാര പങ്കാളിയെന്ന നിലയിൽ ഇന്ത്യയ്ക്ക് കഴിയുമെന്നാണ് വിശകലന വിദഗ്ധർ പറയുന്നത്. ഇരു രാജ്യങ്ങളും ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, പൂർണ്ണമായ പുനഃക്രമീകരണത്തിന് കുറച്ച് സമയമെടുക്കുമെന്നാണ് വിശകലന വിദഗ്ധർ ചൂണ്ടികാട്ടുന്നത്. മേയ് പകുതിയോടെ നടക്കാനിരിക്കുന്ന ജി7 യോഗത്തിലേക്ക് കാനഡയിൽ നിന്നുള്ള ക്ഷണം ഇന്ത്യ സ്വീകരിക്കാൻ സാധ്യതയില്ലെന്നാണ് ദേശീയ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഖാലിസ്ഥാൻ വിഘടന വാദികളുടെ കേന്ദ്രമായി കാനഡ ഉയർന്നുവന്നിരിക്കുന്നതിനാൽ സുരക്ഷാ ആശങ്കകൾ നിലനിൽക്കുന്നുണ്ട്. ഖാലിസ്ഥാനി ഭീകരൻ ഹർദീപ് സിംഗ് നിജ്ജാറിന്റെ കൊലപാതകത്തിന് ഇന്ത്യയാണ് ഉത്തരവാദിയെന്ന് മുൻ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ആരോപിച്ചതോടെ ഇന്ത്യ-കാനഡ ബന്ധത്തിൽ വിള്ളൽ വീണു. ട്രൂഡോയുടെ ആരോപണം ഇന്ത്യ ശക്തമായി നിഷേധിച്ചിട്ടും യാതൊരുവിധ തെളിവുകൾ നൽകാനും ട്രൂഡോയ്ക്ക് കഴിഞ്ഞില്ല. ഇന്ത്യ കനേഡിയൻമാർക്കുള്ള വിസ സേവനങ്ങൾ നിർത്തിവച്ചു. തിരഞ്ഞെടുപ്പിന് മുമ്പ് ട്രൂഡോ സ്ഥാനമൊഴിയുകയും രാജ്യം സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങിയതോടെ ലിബറൽ പാർട്ടിയിൽ നിന്നും മാർക്ക് കാർണി രാജ്യത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. തിരഞ്ഞെടുപ്പ് വിജയത്തിലേക്കാണ് തന്റെ പാർട്ടിയെ കാർണി നയിച്ചത്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായുള്ള തർക്കത്തിന്റെയും ചൈനയുമായുള്ള വിള്ളലിന്റെയും പശ്ചാത്തലത്തിൽ കാനഡയുടെ സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ ഇന്ത്യയാണ് കാർണിക്ക് ഏറ്റവും നല്ല മാർഗനിർദ്ദേശം നൽകിയതെന്ന് വിശകലന വിദഗ്ധർ അഭിപ്രായപ്പെട്ടു. അടുത്തിടെ, കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ് ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറുമായി ചർച്ച നടത്തി ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം പുനർനിർമ്മിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും ആ ദിശയിലേക്ക് കാര്യങ്ങൾ മെച്ചപ്പെടുത്താമെന്നും അവർ പറഞ്ഞിരുന്നു.

## നിലമ്പൂരിൽ പുതിയ മുന്നണി രൂപീകരിച്ച് അൻവർ, ജനകീയ പ്രതിപക്ഷ പ്രതിരോധ മുന്നണി; ആം ആദ്മി പാർട്ടിയെ കൂടെ നിർത്തും



**മലപ്പുറം :** ആം ആദ്മി പാർട്ടിയെ കൂടെ നിർത്തി മുന്നണി ഉണ്ടാക്കി അൻവറിന്റെ പരീക്ഷണം. ജനകീയ പ്രതിപക്ഷ പ്രതിരോധ മുന്നണിയെന്ന പേരിൽ പുതിയ കൂട്ടായ്മ രൂപീകരിച്ചാണ് നിലമ്പൂരിൽ തെരഞ്ഞെടുപ്പിനെ നേരിടുക. സംസ്ഥാനത്ത് മൂന്നാം മുന്നണിയായി മാറുമെന്നാണ് അൻവറിന്റെ അവകാശവാദം. തൃണമൂലിന്റെ ചിഹ്നം ഒഴിവാക്കാനും തോൽവിയുടെ ഭാരം ഒറ്റക്ക് ചുമക്കാതിരിക്കാനുമായി അൻവർ കണ്ടെത്തിയ മാർഗമാകാം ഈ മുന്നണിയെന്നാണ് വിലയിരുത്തൽ. കേരളത്തിൽ പാർട്ടിക്ക് രജിസ്ട്രേഷനില്ലെന്നും ചിഹ്നം കിട്ടാത്ത സാഹചര്യമുണ്ടായാൽ മറ്റൊരു ചിഹ്നത്തിൽ മത്സരിക്കുമെന്നും അൻവർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അൻവറിന്റെ ചരിത്രം പരിശോധിക്കുന്നില്ലെന്നും അൻവർ ഉയർത്തിയ വിഷയങ്ങൾ മാത്രമാണ് മുന്നണിയിൽ ചേരാൻ മാനദണ്ഡമാക്കിയതെന്നും ആം ആദ്മി നേതൃത്വം വ്യക്തമാക്കി. അൻവറിന്റെ നാമ നിർദേശ പത്രിക സമർപ്പണത്തിന്റെ ഭാഗമായുള്ള റോഡ് ഷോയിൽ തൃണമൂൽ ജില്ലാ നേതാക്കൾ പങ്കെടുത്തു. ഈ മുന്നണി ഒരു മൂന്നാം മുന്നണിയായി വളരുമെന്നാണ് ഇരു പാർട്ടികളുടെയും അവകാശവാദം. സമീപകാലത്ത് കൂടുതൽ ചെറുപാർട്ടികൾ മുന്നണിയിലെത്തുമെന്ന് അൻവർ അവകാശപ്പെടുന്നുണ്ട്. പ്രധാനമായും ചെറിയ ദളിത് സംഘടനകൾ പ്രാദേശികമായി ബന്ധിച്ചു നിൽക്കുന്ന ഗ്രൂപ്പുകൾ എന്നിവയാണ് അൻവർ ലക്ഷപ്പെടുന്നത്. അടുത്തു തെരഞ്ഞെടുപ്പിന് മുമ്പ് ഇവയെ തൃണമൂലിൽ ലയിപ്പിക്കാനും അൻവർ ലക്ഷ്യമിടുന്നുണ്ട്.

## ട്രാൻസ് ദമ്പതിമാരുടെ കുട്ടിയുടെ ജനനസർട്ടിഫിക്കറ്റിൽ ഇനി അച്ഛൻ, അമ്മ വേണ്ട; രക്ഷിതാവ് മതിയെന്ന് കോടതി



**കൊച്ചി:** ട്രാൻസ്ജെൻഡർ ദമ്പതിമാരുടെ കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിൽനിന്ന് അച്ഛൻ, അമ്മ എന്നത് ഒഴിവാക്കണമെന്ന് ഹൈക്കോടതി. പകരം രക്ഷിതാക്കൾ എന്ന് മതിയെന്ന് കോടതി വ്യക്തമാക്കി. കോഴിക്കോട് സ്വദേശികളായ ട്രാൻസ്ജെൻഡർ ദമ്പതിമാരുടെ ഹർജിയിലാണ് ഈ ഉത്തരവ്. പിതാവ്, മാതാവ് എന്നതിനു പകരം രക്ഷിതാവ് എന്നാക്കിമാറ്റണമെന്നാണ് കോടതി അറിയിച്ചത്. കുട്ടിയുടെ ജീവശാസ്ത്രപരമായ അമ്മ പുരുഷനായി തുടരുന്നതിനാൽ ഭാവിയിൽ നിയമപരമായ ചില തടസ്സങ്ങളും അപമാനങ്ങളും സൃഷ്ടിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ദമ്പതികൾ 2023-ൽ കോഴിക്കോട് നഗരസഭയെ സമീപിച്ചിരുന്നു. ജനന സർട്ടിഫിക്കറ്റിൽ അച്ഛൻ, അമ്മ എന്നിവയ്ക്കുപകരം രക്ഷിതാവ് എന്നാക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, നഗരസഭ ഇത് നിരസിച്ചു. ഇതോടെ, ഇരുവരും ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ട്രാൻസ്ജെൻഡർ ദമ്പതികളുടെ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ ഇനിമുതൽ രക്ഷിതാവ് എന്നു മതിയെന്ന് കോടതി ഉത്തരവിട്ടു. ഇരുവരുടെയും ലിംഗസ്വത്വം രേഖപ്പെടുത്തുന്ന തരത്തിൽ ഒന്നും പാടില്ല. നിലവിലുള്ള ജനന സർട്ടിഫിക്കറ്റുകളിൽ ഈ തിരുത്തൽ വരുത്തണമെന്നും കോടതി നിർദേശംനൽകി.

## മഴക്കെടുതി തുടരുന്നു; 3 ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

**കോട്ടയം:** കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ മൂന്ന് ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചൊവ്വാഴ്ച (ജൂൺ 3) അവധി പ്രഖ്യാപിച്ചു. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് നാളെ അവധി പ്രഖ്യാപിച്ചിരിക്കുന്നത്. കാലവർഷ കെടുതി കാരണം കുട്ടനാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്അവധിയായിരിക്കും. കുട്ടനാട് താലൂക്കിലേയും പുറക്കാട് പഞ്ചായത്തിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ആലപ്പുഴ ജില്ലയിൽ അവധിയുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ മഴയെത്തുടർന്ന് കുട്ടനാട്, അമ്പലപ്പുഴ താലൂക്കുകളിലെ മിക്ക പ്രദേശങ്ങളിലും വെള്ളക്കെട്ടുകൾ രൂപപ്പെടുകയും ജലനിരപ്പ് വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നാളെ (ജൂൺ 3) കുട്ടനാട് താലൂക്കിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും ട്യൂഷൻ സെൻററുകൾക്കും അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. കൂടാതെ ജില്ലയിൽ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധി നൽകിയിട്ടുണ്ട്. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.



**മഴ മുന്നറിയിപ്പ്**

0കേരളത്തിൽ അതിതീവ്ര മഴ പെഴ്തൊഴിഞ്ഞെങ്കിലും വരും ദിവസങ്ങളിലും മഴയെത്തുമെന്ന് കാലാവസ്ഥ വകുപ്പിൻറെ പ്രവചനം. അറബികടലിൽ കാലവർഷ കാറ്റ് ദുർബലമായതോടെ ശക്തമായ മഴയുണ്ടാകില്ല. എന്നാൽ അടുത്ത അഞ്ച് ദിവസം എല്ലാ ജില്ലകളിലും ഒറ്റപ്പെട്ട മഴക്ക് സാധ്യതയുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് വിവിധ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ടാണ്. ഇന്നും ,നാളെയും വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്

## സുപ്രീം കോടതിയുടെ ഉത്തരവ്, നീറ്റ് പിജി 2025 മാറ്റിവച്ചു

**ന്യൂഡൽഹി:**നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ് പിജി) 2025 മാറ്റിവച്ചു. സുതാര്യതയും നിഷ്പക്ഷതയും ഉറപ്പാക്കുന്നതിനായി പരീക്ഷ ഒറ്റ ഷിഫ്റ്റിൽ നടത്തണമെന്ന് നിർദ്ദേശിച്ച സുപ്രീം കോടതിയുടെ ഉത്തരവിനെ തുടർന്നാണ് ഈ തീരുമാനം. ഈ നിർദ്ദേശത്തെ അടിസ്ഥാനമാക്കി, ആദ്യം നിശ്ചയിച്ചിരുന്നതുപോലെ നീറ്റ് പിജി 2025 ഇനി രണ്ട് ഷിഫ്റ്റുകളിൽ നടത്തില്ലെന്ന് NBEMS സ്ഥിരീകരിച്ചു. എല്ലാ ഉദ്യോഗാർത്ഥികളെയും ഒറ്റ ഷിഫ്റ്റിൽ ഉൾക്കൊള്ളുന്നതിനായി NBEMS അധിക പരീക്ഷാ കേന്ദ്രങ്ങളും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനായി പ്രവർത്തിക്കുകയാണ്. പുതുക്കിയ പരീക്ഷാ തീയതി പിന്നീട് ഔദ്യോഗിക വെബ്സൈറ്റുകളായ natboard.edu.in-epw nbe.edu.inepw അറിയിക്കും.



നീറ്റ് പിജി 2025-ന്റെ അഡ്വാൻസ്ഡ് സിറ്റി ഇന്റിമേഷൻ സ്ലിപ്പ് ജൂൺ 2-ന് പുറത്തിറക്കാൻ തീരുമാനിച്ചിരുന്നു. ഇന്ത്യയിലെ പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ കോഴ്സുകളിലേക്കുള്ള (MD/MS/PG ഡിപ്ലോമ) പ്രവേശനത്തിനായി NBEMS നടത്തുന്ന ദേശീയ തലത്തിലുള്ള പ്രവേശന പരീക്ഷയാണ് NEET PG.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്"
മഹാത്മാ ഗാന്ധി



### കേരളത്തിൽ ഇത് പുത്തരിയല്ല

മുറ തെറ്റാതെ നിശ്ചിത ഇടവേളകളിൽ കേരളത്തിൽ ആവർത്തിക്കുന്ന ഒരു 'അദ്ഭുത പ്രതിഭാസ'മാണ് നിക്ഷേപ തട്ടിപ്പുകൾ. എത്ര തവണ പറ്റിക്കപ്പെട്ടാലും പഠിക്കാത്ത ആളുകൾ നമ്മുടെ നാട്ടിലുള്ളതു പോലെ ലോകത്തെങ്ങും കാണില്ല. അറുനൂറ് കോടിയുടെ പാതിവില തട്ടിപ്പിന്റെ വാർത്തകൾ കെട്ടടങ്ങിവരുന്നതേയുള്ളൂ. അതിനിടയിൽ 450 കോടിയുടെ ഫാം ഫെഡ് നിക്ഷേപ തട്ടിപ്പിന്റെ വാർത്ത ഉയർന്നുവന്നിരിക്കുകയാണ്. ഏതാണ്ട് 400 കോടിയുടെ നിക്ഷേപം അക്കൗണ്ട് മുഖേന ഇവർ സ്വീകരിച്ചിട്ടുണ്ടെന്നാണ് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമാകുന്നത്. ഇതു കൂടാതെ 60 കോടിയോളം രൂപ പണമായി സ്വീകരിച്ചെന്ന് ഇവർ തന്നെ വെളിപ്പെടുത്തിയിട്ടുള്ളത് പൂർണമായും ശരിയായിരിക്കണമെന്നില്ല. അന്വേഷണ ഏജൻസികളുടെ പരിശോധനയിലൂടെയേ തട്ടിപ്പിന്റെ വ്യാപ്തി തിട്ടപ്പെടുത്താനാവൂ. 14 ജില്ലകളിലെ 16 ശാഖകളിലായി ഏഴായിരത്തോളം അംഗങ്ങൾ വൻ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെന്നാണ് വിവരം.

എല്ലാ നിക്ഷേപ തട്ടിപ്പുകളിലുമെന്ന പോലെ മനുഷ്യന്റെ അത്യാർത്തിയാണ് ഇവരും മുതലെടുത്തത്. നിക്ഷേപത്തിന് 12.5 ശതമാനം പലിശയാണ് ഇവർ വാഗ്ദാനം ചെയ്തിരുന്നത്. ഈ വാഗ്ദാനത്തിൽ വീണ് അഞ്ച് കോടി രൂപ വരെ നിക്ഷേപിച്ചവരും ഉണ്ടെന്നാണ് അറിയുന്നത്. ഫാം ഫെഡ് ചെയർമാൻ രാജേഷ് പിള്ളയും എം.ഡി അഖിൻ ഫ്രാൻസിസുമാണ് തട്ടിപ്പിന് നേതൃത്വം നൽകിയത്. പലിശ മുടങ്ങുകയും മുതൽ തിരിച്ചുകിട്ടാതിരിക്കുകയും ചെയ്തതോടെ പാലക്കാട്, കോഴിക്കോട്, തൃശൂർ ജില്ലകളിലെ നിക്ഷേപകർ യോഗം ചേർന്ന് ഇരുവരെയും വിളിച്ചുവരുത്തിയിരുന്നു. തട്ടിപ്പില്ലെന്നും ആർക്കും കണക്കുകൾ പരിശോധിക്കാമെന്നുമാണ് ഫാം ഫെഡ് ചെയർമാൻ അന്ന് വ്യക്തമാക്കിയത്. മുഴുവൻ നിക്ഷേപകർക്കും മുതലിന്റെ ആദ്യ ഗഡു ഒരുമാസത്തിനകം നൽകുമെന്ന് ഏപ്രിലിൽ വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. ഫാം ഫെഡിന്റെ ഭൂമിയിൽ ചിലത് വിൽപ്പന നടത്തുന്നതിലൂടെ 40 കോടി ഉടനെത്തുമെന്നും, ഇത് വീതിച്ചു നൽകുമെന്നുമാണ് ഉറപ്പ് നൽകിയിരുന്നത്. ഒന്നും നടന്നില്ല.

തട്ടിപ്പിനെക്കുറിച്ച് അറിഞ്ഞതോടെ നിക്ഷേപകർ ഒന്നടങ്കം പണം തിരിച്ചു ചോദിക്കാൻ തുടങ്ങി. ഇങ്ങനെയൊരു രു അവസ്ഥ സംജാതമായാൽ ചീട്ടുകൊട്ടാരം പോലെ നിക്ഷേപ സാമ്രാജ്യം തകർന്നുവീഴും. അതാണ് ഫാം ഫെഡിന്റെ കാര്യത്തിൽ സംഭവിച്ചത്. ഇതുപോലുള്ള നിക്ഷേപ തട്ടിപ്പുകളുടെയെല്ലാം 'ആത്മകഥ' ഏതാണ്ട് ഒരേ രീതിയിലാണ്. നിക്ഷേപമായി ലഭിക്കുന്ന കോടികൾ ഉടമകൾ ആഡംബരത്തിനായി വക മാറ്റി ഉപയോഗിക്കും. നേരായ രീതിയിൽ ബിസിനസ് നടത്തി 12.5 ശതമാനം പലിശ നൽകുക ഏറക്കുറെ അസാദ്ധ്യമാണ്. പക്ഷേ മോഹനവാഗ്ദാനങ്ങളിൽ മയങ്ങുന്നവർ ഒരിക്കലും യാഥാർത്ഥ്യബോധം പുലർത്താറില്ല. ഇവിടെ, ഫാം ഫെഡ് എന്ന പേരിട്ടതു തന്നെ ചെമ്മീൻ, ഇഞ്ചി, കുരുമുളക്, വാഴക്കൃഷി തുടങ്ങിയവ നടത്തി അതിൽ നിന്നുള്ള ലാഭത്തിൽ നിന്ന് ഉയർന്ന പലിശ നൽകുമെന്ന് ആളുകളെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു.

കുരുമുളകിന് കേട് ബാധിച്ചെന്നും ഇഞ്ചി ചീഞ്ഞുപോയെന്നുമാണ് ആഭ്യന്തര ഓഡിറ്റർ ചൂണ്ടിക്കാണിച്ചത്. നിക്ഷേപകരെ പറ്റിക്കാൻ കൃഷി നടത്തി ലാഭമുണ്ടാക്കുന്ന രീതിയൊക്കെ പുസ്തകത്തിൽ എഴുതിവച്ച് കാണിക്കാൻ എളുപ്പമാണ്. യഥാർത്ഥ കൃഷിയിലേക്ക് ഇറങ്ങുമ്പോഴേ കല്ലും നെല്ലും തിരിച്ചറിയാനാകൂ. ഇവർ വയനാട്ടിലും കുട്ടിക്കാനത്തും മറ്റും കോടികൾ മുടക്കി തോട്ടങ്ങൾ വാങ്ങിയത് ചില നിയമക്കുരുക്കുകളിൽ പെടുകയും ചെയ്തിരുന്നു. നല്ല തുക നിക്ഷേപമായി സ്വീകരിച്ചാണ് ജീവനക്കാരിൽ പലരെയും നിയമിച്ചിരുന്നത്. അങ്ങനെ നാട്ടുകാരെയും സ്വന്തം ജീവനക്കാരെയും ഒരേ സമയം ഇവർ പറ്റിക്കുകയായിരുന്നു. അന്വേഷണത്തിനൊപ്പം തന്നെ ഇവരുടെ വസ്തുവകകൾ കണ്ടുകെട്ടി നിക്ഷേപകർക്ക് കുറച്ചെങ്കിലും തിരിച്ചുനൽകാനുള്ള നടപടിയും ഉണ്ടാകണം.



### വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പേമാരി, മഴക്കെടുതി

ഗുവാഹാട്ടി: സിക്കിമിൽ മഴക്കെടുതി രൂക്ഷം. വടക്കേ സിക്കിമിലെ ചാറ്റെനിലുണ്ടായ മണ്ണിടിച്ചിലിൽ മൂന്ന് പേർക്ക് ദാരുണാന്ത്യം. ഞായറാഴ്ച വൈകുന്നേരമായിരുന്നു മണ്ണിടിച്ചിലുണ്ടായത്. മൂന്ന് മൃതദേഹങ്ങൾ കണ്ടെത്തി. ഒമ്പതുപേരെ കാണാനില്ലെന്ന് അധികൃതർ ഔദ്യോഗകികമായി അറിയിച്ചു. ഇവർക്കായുള്ള തിരച്ചിൽ തുടരുന്നതായി അധികൃതർ അറിയിച്ചു.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കഴിഞ്ഞ നാല് ദിവസങ്ങളായി ശക്തമായ മഴ തുടരുകയാണ്. അസം, അരുണാചൽ പ്രദേശ്, മിസോറം, മേഘാലയ, മണിപ്പൂർ തുടങ്ങിയിടങ്ങളിൽ കനത്ത മഴയിലും മണ്ണിടിച്ചിലിലും 34 പേരാണ് ഇതുവരെ മരിച്ചത്. ആയിരക്കണക്കിനുപേരെ മാറ്റിപ്പാർപ്പിച്ചു. ഒട്ടേറെ വീടുകൾ തകർന്നു. പല ഗ്രാമങ്ങളും റോഡുകളും വെള്ളക്കെട്ടിൽ മുങ്ങി.

ബ്രഹ്മപുത്ര, ബരാക് ഉൾപ്പെടെ പത്ത് പ്രധാന നദികൾ അപകടനിലയ്ക്ക് മുകളിലാണ്. ഒട്ടേറെ തീവണ്ടികൾ റദ്ദാക്കി. അസം, അരുണാചൽപ്രദേശ് എന്നിവിടങ്ങളിൽ ഒൻപതുപേർ വീതവും മേഘാലയയിൽ ആറുപേരും മിസോറാമിൽ അഞ്ചുപേരും നാഗാലാൻഡ്, ത്രിപുര എന്നിവിടങ്ങളിൽ ഒരാൾവീതവും മരിച്ചു. സിക്കിമിലും വ്യാപകമണ്ണിടിച്ചിലുണ്ടായി.

അരുണാചലിലെ പല ജില്ലകളിലും ആശയവിനിമയസംവിധാനം തകരാറിലായി. കെയി പാന്യോർ ജില്ലയിലെ ചുയു ഗ്രാമത്തിലെ തൂക്കുപാലം കനത്തമഴയെത്തുടർന്ന് ഒഴുകിപ്പോയി. അരുണാചലിൽ മണ്ണിടിച്ചിലിൽ വാഹനം കൊക്കയിൽവീണ് ഗർഭിണികളടക്കം ഏഴുപേർ മരിച്ചു. അസമിലെ 15 ലധികം ജില്ലകളിലായി 78,000-ൽ അധികം പേരെ വെള്ളക്കെട്ട് ബാധിച്ചു.

മഴ ഇനിയും കനക്കുമെന്നാണ് കാലാവസ്ഥാപ്രവചനം. വിദ്യാർഥികളുടെ സുരക്ഷ കണക്കിലെടുത്ത് മിസോറാമിലെ ഐസോൾ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. അസമിൽ മണ്ണിടിച്ചിലിൽ അഞ്ചുപേർ മരിച്ചതായാണ് ഔദ്യോഗികമായി സർക്കാർ വൃത്തങ്ങൾ അറിയിക്കുന്നത്. മരിച്ചവരുടെ കുടുംബാഗങ്ങൾക്ക് നാല് ലക്ഷം രൂപ സഹായ ധനം പ്രഖ്യാപിച്ചിട്ടുണ്ട്. ലാചുങ്ങിൽ കുടുങ്ങിക്കിടന്ന 1600 വിനോദസഞ്ചാരികളെ രക്ഷപ്പെടുത്തിയതായി അധികൃതർ അറിയിച്ചു.

# മിസൈൽ ആക്രമണം കടുപ്പിച്ച് റഷ്യ; സമാന്തരമായി തുർക്കിയിൽ സമാധാന ചർച്ച

ഇസ്താംബുൾ: റഷ്യയിൽ അപ്രതീക്ഷിത ഡ്രോൺ ആക്രമണത്തിലൂടെ വൻനാശം വിതച്ച യുക്രൈൻ നടപടിക്ക് പിന്നാലെ ഇരുരാജ്യങ്ങളും സമാധാനചർച്ചകൾ പുനരാരംഭിച്ചു. തുർക്കിയിൽ നടക്കുന്ന ഉഭയകക്ഷി ചർച്ചകളിൽ ഇരുരാജ്യങ്ങളുടേയും പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടെങ്കിലും ധാരണയുടേയോ കരാറിന്റേയോ വിദൂര സാധ്യത പോലും ഉണ്ടായിട്ടില്ലെന്നാണ് സൂചന. റഷ്യൻ യുദ്ധവിമാനങ്ങൾക്കുനേരെ യുക്രൈന്റെ ഡ്രോൺ ആക്രമണം നടന്ന് 24 മണിക്കൂറിനകം നടക്കുന്ന ചർച്ചയെ സമാധാനകാംക്ഷികൾ ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്.

യുക്രൈന്റെ ഡ്രോൺ ആക്രമണത്തിനു മറുപടിയെന്നോണം റഷ്യ മിസൈൽ ആക്രമണം രൂക്ഷമാക്കിയിട്ടുണ്ട്. അതിനിടെയാണ് ഇരുരാജ്യങ്ങളും അഭിമുഖമായിരുന്ന് വെടിനിർത്തലിനുള്ള ചർച്ചകൾ നടത്തുന്നത്. ദീർഘകാലയളവിലേക്കുള്ള പ്രശ്നപരിഹാരവും സമാധാനത്തിലേക്കുള്ള പാതയുമാണ് ലക്ഷ്യമിടുന്നതെങ്കിലും റഷ്യയ്ക്കും യുക്രൈനുമിടയിൽ അഭിപ്രായഭിന്നതകളുണ്ട്.

യുഎസിനോട് മധ്യസ്ഥ ഇടപെടൽ ശക്തമാക്കണമെന്ന് ചർച്ചകൾക്ക് ആതിഥ്യമരുളുന്ന തുർക്കി ആവശ്യപ്പെട്ടിട്ടുണ്ട്. റഷ്യ-യുക്രൈൻ മധ്യസ്ഥചർച്ചകളെ പ്രധാനമായും പിന്തുണയ്ക്കുന്നത് യുഎസ് ആണ്. എന്നാൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ചകളിൽ പുരോഗതിയുണ്ടാകുന്നില്ലെങ്കിൽ ഇടനിലക്കാരന്റെ റോളിൽനിന്ന് യുഎസ് പിൻമാറുമെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭീഷണി മുഴക്കിയിയിട്ടുണ്ട്.




# സിന്ധു നദീജല കരാർ മരവിപ്പിച്ചത് ഇരുട്ടടിയായി; വേനലിൽ പൊറുതിമുട്ടി പാകിസ്താൻ

ഇസ്ലാമാബാദ്: പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് സിന്ധൂ നദീജല കരാർ ഇന്ത്യ മരവിപ്പിച്ചതിന്റെ ഫലമായി പാകിസ്താനിലെ പഞ്ചാബ് പ്രവിശ്യയിൽ ജലക്ഷാമം രൂക്ഷമായി. കടുത്ത വേനലിൽ സിന്ധു, ഝലം, ചിനാബ് നദികളിൽനിന്നുള്ള വെള്ളത്തിന്റെ അളവ് കുറഞ്ഞതിനൊപ്പം ഇന്ത്യയിൽനിന്ന് ഉദ്ഭവിക്കുന്ന നദികളിൽനിന്നുള്ള ജലവും ഇല്ലാതായതോടെ കൃഷി നടത്താനാവാതെ വലയുകയാണ് ജനം.തദ്ദേശ നദികളിൽ വെള്ളം കുറഞ്ഞതു മാത്രമല്ല കൃഷിയെ പ്രതിസന്ധിയിലാക്കിയത്. സിന്ധൂ നദീജല കരാർ മരവിപ്പിച്ചതോടെ, ഇന്ത്യയിൽനിന്ന് ഒഴുകിയിരുന്ന നദികളിൽനിന്നുമുള്ള ജലത്തിന്റെ ലഭ്യതയും ഇല്ലാതായി. സിന്ധുനദിയിലെ ടർബെല ഡാമിലും ഝലം നദിയിലെ മംഗ്ല ഡാമിലും ജലത്തിന്റെ അളവിൽ വലിയ കുറവുണ്ടായതായി പാകിസ്താൻ സർക്കാർ പുറത്തുവിട്ട രേഖകളിൽ പറയുന്നു.

2024 ജൂൺ രണ്ടിലെ കണക്കുമായി തട്ടിച്ചുനോക്കുമ്പോൾ 2025 ജൂണിൽ പഞ്ചാബ് പ്രവിശ്യയിലൂടെ ഒഴുകുന്ന സിന്ധു നദിയിലെ ജലത്തിന്റെ അളവിൽ 10.3 ശതമാനം കുറവു വന്നതായയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ഈ പ്രവിശ്യയിലെ കാർഷികവൃത്തിക്ക് കനത്ത തിരിച്ചടിയാകുമെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ.തെക്കു-പടിഞ്ഞാറൻ മൺസൂൺ എത്താൻ ഇനിയും നാലാഴ്ച കൂടി വേണമെന്നിരിക്കെ വരുംദിവസങ്ങളിൽ വലിയ ജലദൗർലഭ്യം ഉണ്ടാകാനാണു സാധ്യത. ഇസ്ലാമാബാദിലെ ഇൻഡസ് റിവർ സിസ്റ്റം അതോറിറ്റിയുടേതാണ് (ഐആർഎസ്എ) ഈ കണക്കുകൾ.



# പോളണ്ട് തിരഞ്ഞെടുപ്പ്; വിജയമുറപ്പിച്ച് വലതുപക്ഷ നേതാവ് കരോൾ നവ്റോക്കി

പോളണ്ട് പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പിൽ വലതുപക്ഷ പാർട്ടിയായ ലോ ആൻഡ് ജസ്റ്റിസിന്റെ കരോൾ നവ്റോക്കിയ്ക്ക് വിജയം. റാഫാൽ ട്രാസാസ്കോവ്സ്കിയെ പരാജയപ്പെടുത്തിയാണ് വിജയം കൈവരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ നവ്റോക്കി 50.89 ശതമാനം വോട്ടുകൾ നേടിയതായാണ് റിപ്പോർട്ട്. ട്രാസാസ്കോവ്സ്കിയ്ക്ക് 49.15 ശതമാനം വോട്ടുകളും ലഭിച്ചു.ഡൊണാൾഡ് ഡക്കിന്റെ നേതൃത്വത്തിലുള്ള സർക്കാരിന് നവ്റോക്കിയുടെ വിജയം കനത്ത തിരിച്ചടിയായാണ് വിലയിരുത്തൽ. രാജ്യത്തെ രാഷ്ട്രീയ അനിശ്ചിതത്വം വർദ്ധിക്കാനും യൂറോപ്യൻ യൂണിയനിൽ നിലവിൽ രാജ്യത്തിനുള്ള സ്ഥാനം സങ്കീർണമാക്കാനും ഈ തിരഞ്ഞെടുപ്പ് വിജയത്തിന് സാധ്യതയുള്ളതായാണ് നിരീക്ഷണങ്ങൾ. വോട്ടെടുപ്പിന് പിന്നാലെ വന്ന എക്സിറ്റ് പോൾ ഫലങ്ങളിൽ ട്രാസാസ്കോവ്സ്കിയ്ക്ക് ആയിരുന്നു വിജയസാധ്യത. 0.06 ശതമാനത്തിന്റെ നേരിയ വ്യത്യാസത്തിൽ ആയിരിക്കും റാഫാൽ ട്രാസാസ്കോവ്സ്കി വിജയിക്കുക എന്നായിരുന്നു പ്രവചനം. എന്നാൽ, തിരഞ്ഞെടുപ്പിൽ താൻ വിജയിക്കുമെന്ന കടുത്ത ആത്മവിശ്വാസം നവ്റോക്കിയ്ക്ക് ഉണ്ടായിരുന്നു. നമ്മൾ ജയിക്കുകയും, പോളണ്ടിനെ വിജയിപ്പിക്കുകയും ചെയ്യും ഫലം വരുന്നിതിന്റെ തലേന്ന് രാത്രിയിൽ നവ്റോക്കി പറഞ്ഞ വാക്കുകളാണിത്. തിരഞ്ഞെടുപ്പ് പ്രചാരണവേളയിൽ ഉടനീളം പോളണ്ടിനെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളാണ് ഇരുവരും പങ്കുവച്ചത്. വാർസോയിലെ യൂറോപ്യൻ അനുകൂല, പുരോ?ഗമന മേയറായ ട്രാസാസ്കോവ്സ്കി ?ഗർഭഛിദ്ര നിയമങ്ങൾ ഉദാരവൽക്കരിക്കുന്നതിനും എൽജിബിടിക്യു ദമ്പതികൾക്കായി സിവിൽ പങ്കാളിത്തം ഏർപ്പെടുത്തുന്നതിനും പ്രയത്നിച്ചിരുന്നു. അതേസമയം ചരിത്രകാരനും മുൻ അമേച്വർ ബോക്സറുമായ നവ്റോക്കി ഈ നീക്കങ്ങളെ ശക്തമായി എതിർക്കുകയും അവ നടപ്പിലാക്കാനുള്ള ഏതൊരു നിയമത്തെയും വീറ്റോ ചെയ്യുമെന്നുമാണ് വ്യക്തമാക്കിയത്. പ്രസിഡൻഷ്യൽ വീറ്റോ അധികാരമാണ് മത്സരത്തിന്റെ ഫലത്തെ നിർണായകമാക്കുന്നത്. നിയമനിർമ്മാണത്തെ വീറ്റോ ചെയ്യാനുള്ള ?പ്രസിഡന്റിന്റെ കഴിവ് കണക്കിലെടുക്കുമ്പോൾ മത്സരത്തിന്റെ ഫലം രാജ്യത്തിന്റെ രാഷ്ട്രീയ ഭാവിയിൽ പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കാം.

രണ്ടാഴ്ച മുമ്പ് നടന്ന ആദ്യ റൗണ്ട് തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്കും അമ്പത് ശതമാനത്തിൽ കൂടുതൽ നേടാൻ കഴിയാതിരുന്നതാണ് രണ്ടാം ഘട്ട വോട്ടെടുപ്പിലേക്ക് നയിച്ച കാരണം. വിജയി ഒടുവിൽ സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ആൻഡ്രേജ് ഡുഡയുടെ സ്ഥാനം ഏറ്റെടുക്കും. കാലാവധി പൂർത്തിയായ ശേഷം ഈ ഓഗസ്റ്റിലായിരിക്കും ആൻഡ്രേജ് ഡുഡ സ്ഥാനമൊഴിയുക. പോളണ്ടിൽ പ്രസിഡന്റിന്റെ സ്ഥാനം ആലങ്കാരികമാണെങ്കിലും വിദേശ പ്രതിരോധ നയങ്ങളിൽ പ്രസിഡന്റ് നിർണായക പങ്ക് വഹിക്കുന്നയാളാണ്. അതുപോലെ തന്നെ പുതിയ നിയമനിർമ്മാണത്തെ വീറ്റോ ചെയ്യാനുള്ള നിർണായക അധികാരവുമുണ്ട്. ടസ്കിന്റെ സർക്കാരിന് പാർലമെന്റിൽ 60 ശതമാനം ഭൂരിപക്ഷത്തോടെ മാത്രമേ ഇത് റദ്ദാക്കാൻ കഴിയൂ. അതിനാൽ, നവറോക്കിയുടെ വിജയം രാഷ്ട്രീയ പോളണ്ടിന്റെ രാഷ്ട്രീയത്തിൽ വളരെ പ്രധാനപ്പെട്ട ഒരു മാറ്റമായിരിക്കും.



# സ്ഥാനാർത്ഥികൾക്കപ്പുറം നിലമ്പൂർ രാഷ്ട്രീയഭാവി തീരുമാനിക്കുന്നത് ആരുടെയെല്ലാം? സ്ഥാനാർത്ഥിക്കപ്പുറം ജയിക്കുന്നവരും തോൽക്കുന്നവരും

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ ചിത്രം വ്യക്തമായി. ആരൊക്കെയാണ് മത്സര രംഗത്ത് ഉള്ളതെന്ന് ജനം അറിഞ്ഞു. ഇനി ഇവരിൽ ഒരാൾ തിരഞ്ഞെടുക്കപ്പെടണം. അതാരാണെന്നത് കാത്തിരുന്ന് കാണണം. എന്തായാലും നിലമ്പൂർ തിരഞ്ഞെടുപ്പ് കേരള രാഷ്ട്രീയത്തിൽ ചില അടയാളപ്പെടുത്തലുകൾ ഉണ്ടാക്കും, വിജയം കൊണ്ടും പരാജയം കൊണ്ടും.

പി വി അൻവർ തന്നെയാണ് കളത്തിലെ പ്രധാന കരു. ഒന്നുകിൽ അൻവർ ഇതോടെ രാഷ്ട്രീയമായി അവസാനിക്കും, മറിച്ചെങ്കിൽ അയാൾ പുതിയ രാഷ്ട്രീയ ഉയരം നേടും. രണ്ടാകിലും അൻവറെ സംബന്ധിച്ച് തന്നെയാണ് ഈ തിരഞ്ഞെടുപ്പ് കൂടുതൽ പ്രാധാന്യമാകുന്നത്. നിലമ്പൂരിലെ ഫലത്തിൽ തന്റെ ഭാവി നിക്ഷേപിച്ചിരിക്കുന്ന മറ്റൊരു നേതാവ് വി ഡി സതീശനാണ്. സ്വന്തം പാർട്ടിയിലും മുന്നണിയിലും സതീശൻ സർവശക്തനാകാൻ ഈ തിരഞ്ഞെടുപ്പ് വിജയം ഉപകരിക്കും, തോൽവിയാണ് ഫലമെങ്കിൽ പലതും നഷ്ടമാകും. പിണറായി വിജയനും മൂന്നാം ഊഴം കൊതിക്കുന്ന ഇടതു മുന്നണിക്കും നിലമ്പൂർ പ്രധാനം തന്നെയാണ്. തോൽവി വിജയന്റെ നായകത്വത്തിന് മേൽ കരിനിഴലാകും, സർക്കാർ വിരുദ്ധതയെന്ന് ആഘോഷിക്കപ്പെടും, പ്രതിപക്ഷത്തിന് ആവേശം ഉണ്ടാകും. ഇത്തരത്തിൽ പലവിധത്തിൽ പലർക്കായി ഈ മത്സരം വ്യക്തിപരമായ പോരാട്ടം കൂടിയാണ്. ജയവും തോൽവിയും വിധി നിർണായകമാണ്.

നിലമ്പൂർ എംഎൽഎ സ്ഥാനം രാജിവച്ചുകൊണ്ട് അൻവർ നടത്തിയത് ഒരു ചൂതാട്ടമായിരുന്നു. അയാൾ പലതും മോഹിച്ചു. പിണറായിസത്തിനെതിരായ പോരാട്ടം എന്ന് പേരിട്ടു വിളിച്ചു നടത്തിയ ആ കളിയിലൂടെ അയാൾ കേരള രാഷ്ട്രീയത്തിൽ ഒരു സ്ഥാനം നേടാൻ മോഹിച്ചു. സ്വതന്ത്രനെന്ന ഇത്തിരി വട്ടത്തിൽ നിന്നും ഒരു പ്രധാന പാർട്ടിയിലെ പ്രബലസ്ഥാനത്തേക്ക് എത്താൻ. കോൺഗ്രസിനെയാണ് അയാൾ ആഗ്രഹിച്ചത്. തനിക്ക് എന്തെക്കോ ചെയ്യാൻ കഴിയുമെന്ന് അയാൾ അമിതമായി വിശ്വസിച്ചു. അതുകൊണ്ടാണ് തന്റെ പിൻഗാമായിയി വി എസ് ജോയി നിലമ്പൂരിൽ വരുമെന്നൊക്കെ സ്വന്തം നിലയ്ക്ക് പ്രഖ്യാപിച്ചത്. മറ്റൊരു പാർട്ടിയുടെ നേതാവിനെ തന്റെ ചൊൽപ്പടിക്കാരനാക്കാമെന്നൊക്കെ അയാൾ കരുതിയത് ഒരു കച്ചവടക്കാരന്റെ മനോനിലയോടെയായിരിക്കണം. എൽഡിഎഫിന്റെ ഭാഗമായിരുന്ന കാലത്ത് തന്നെയടക്കം അൻവർ ആക്രമിച്ചത് മറക്കാത്ത സതീശൻ, ഒരുകാലത്തും അൻവറിനെ സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. എങ്കിലും നിലമ്പൂരിൽ അൻവറിന്റെ സഹായം ആവശ്യമാണെന്ന് സതീശനും അറിയാമായിരുന്നു. ലീഗിനും കോൺഗ്രസിലെ മറ്റ് നേതാക്കളും അൻവറിനെ കൂടെകൂട്ടാൻ തന്നെയായിരുന്നു താത്പര്യം. ഇതൊക്കെ തിരിച്ചറിഞ്ഞാകണം, അൻവർ കൈവിട്ട് കളിക്കാൻ തുടങ്ങിയത്. താനാണ് നിലമ്പൂരിലെ കാര്യങ്ങൾ തീരുമാനിക്കുന്നതെന്നും തന്നെ കൂട്ടാതെ കോൺഗ്രസിന് ഒന്നും സാധ്യമാകില്ലെന്നുമൊക്കെ അയാൾ നിനച്ചു. അയാളുടെ ആ അതിരുവിട്ട കളി തന്നെയാണ് തിരിച്ചടിയായതും. അൻവറിനെ അത്രയ്ക്കങ്ങ് ആളാകാൻ വിടേണ്ടതില്ലെന്ന സതീശന്റെ കടുംപിടുത്തമാണ് ഒടുവിൽ ജയിച്ചത്. കോൺഗ്രസിലെത്തി കിംഗ് മേക്കർ ആകാനിരുന്ന അൻവനർ ഇപ്പോൾ കണ്ണീരും കരച്ചിലുമായി വഴിവക്കിൽ നിൽക്കുകയാണ്. യുഡിഎഫിൽ എടുക്കില്ലെന്ന നിലപാട് കടുപ്പിച്ച് സതീശൻ നിന്നതോടെ, പിണറായിക്കൊപ്പം വില്ലനാക്കി സതീശനെയും. ഒടുവിൽ തൃണമൂൽ സ്ഥാനാർത്ഥിയായി.

അൻവർ ജയിച്ചില്ലെങ്കിലും ആര്യാടൻ ഷൗക്കത്തിനെ തോൽപ്പിക്കാൻ കാരണമായാൽ അതയാൾക്ക് കേവലം മനസംതൃപ്തി നൽകുമെന്നതിനപ്പുറം യുഡിഎഫിന്റെയോ കോൺഗ്രസിന്റെയോ വാതിൽ തുറന്നു കിട്ടുമെന്ന് കരുതേണ്ടതില്ല. അയാൾക്ക് കിട്ടാവുന്നൊരു സന്തോഷം, സതീശന്റെ കരുത്ത് കുറയ്ക്കാമെന്നതിൽ മാത്രമാണ്.

അൻവറിനെ കൂടാതെ തന്നെ നിലമ്പൂരിൽ ജയിക്കാനാണ് സതീശൻ കളിക്കുന്നത്. അങ്ങനെ ജയിച്ചാൽ അത് സതീശന്റെ വിജയമാകും. പാർട്ടിയിൽ അയാളുടെ കരുത്ത് കൂടും. 2026 അനുകൂല ഫലമുണ്ടായാൽ മുഖ്യമന്ത്രി സ്ഥാനത്തേക്കുള്ള അപേക്ഷയിൽ അയാളുടെ സിവിയിൽ നിലമ്പൂർ വിജയം മുന്നിൽ തന്നെ എഴുതി ചേർക്കും. കെ സുധാരൻ ഏകദേശം നിശബ്ദനായി. ഇനിയുള്ളത് കെ സി വേണുഗോപാലാണ്, കേരളത്തിലെ കാര്യങ്ങൾ തന്റെ തീരുമാനത്തിലൂടെ നടപ്പാക്കുന്നതാണ് പാർട്ടിക്ക് ഗുണകരമെന്ന് ഹൈക്കമാൻഡിനെ ബോധ്യപ്പെടുത്താനും അതുവഴി കെ സി പിന്നിലേക്ക് നിർത്താനും നിലമ്പൂർ വിജയം കൊണ്ട് സതീശന് സാധിക്കും.

ഷൗക്കത്തിന്റെ തോൽവിയാണ് ഫലമെങ്കിൽ ഇതെല്ലാം സതീശന് ഉൾട്ടയാകും. സതീശന്റെ തന്ത്രപ്രാമാണിത്തം ചോദ്യം ചെയ്യപ്പെടും. അൻവറിനെ പിണക്കിയകറ്റിയതിന്റെ പാപഭാരം മുഴുവൻ ചുമക്കേണ്ടി വരും. എതിരാളികൾ അവസരം മുതലെടുക്കും.

സ്വരാജ് ജയിച്ചാൽ പിണറായി സർക്കാരിന് കിട്ടാൻ പോകുന്ന ഊർജ്ജം വലുതായിരിക്കും. സംസ്ഥാനത്ത് ഭരണവിരുദ്ധ വികാരം ഇല്ലെന്ന് സ്ഥാപിക്കാനാകും. സർക്കാരിന്റെ നേട്ടങ്ങൾ ജനം അംഗീകരിച്ചിരിക്കുന്നുവെന്ന് വാദിക്കാം. മൂന്നാം ഊഴമെന്ന് സ്വപ്നത്തിന് ആഴം കൂടും. പ്രതിപക്ഷത്തെ നിശബ്ദമാക്കാമെന്നു മാത്രമല്ല, അൻവർ എന്ന എതിരാളിയെ എന്നന്നേക്കുമായി അപ്രസക്തനാക്കാം. പിണറായി വിജയൻ കൂടുതൽ അനിഷേധ്യനാകും. തോൽവിയാണെങ്കിൽ ഇതിന്റെയെല്ലാം വിപരീതമായിരിക്കും സംഭവിക്കുക. വീണു കിടക്കുന്ന അൻവറിന് പോലും നേരിയ ശ്വാസം നൽകാൻ ആ തോൽവി സഹായകമാകും.



ARTLITERATURE




## ലക്ഷ്യങ്ങൾ തേടിയുള്ള യാത്ര

മടിയൊന്നകറ്റി മനമൊന്നൊരുക്കു കിൽ
മനസ്സിൽ നെയ്തകിനാവിൻ ചിറകേറി
മാർഗ്ഗദീപത്തിൻ പ്രതീക്ഷയാം പ്രയാണത്താൽ
മനമാശിച്ചിടും ലക്ഷ്യത്തിലെത്തിടാം പ്രയത്നത്താൽ .

ഉന്നം പിഴച്ചിടാതുത്സാഹമോടെ നാം
ഉദ്ദിഷ്ടമെന്തും സ്വായത്തമാക്കീടുവാൻ
ഉന്മേഷോജ്ജ്വലമായിവർത്തിക്കുകിൽ
ഉദ്യോതമോടെ നേടിടാം ലക്ഷ്യങ്ങൾ .

ഇച്ഛയൊന്നുണ്ടേൽ തെളിയുന്നു മാർഗ്ഗവും
ഇകഴ്ത്തുകിലേറണം അകക്കണ്ണാലക്ഷണം
ഇന്ദ്രിയങ്ങളിൽ വാഞ്ഛയാലുശിരേറണം
ഇക്ഷണം കൈവരിച്ചീടാം ലക്ഷ്യമിതേതും .

പരിഹാസത്തിൻ മുൾമുനകളാൽ തളർന്നിടാതെ
പക്വതയാം പക്ഷപുടത്താലുയർന്നീടുകിൽ
പടിപടിയായുയർന്നിടാം മോഹവിഹായസ്സിലെന്നപോൽ
പകിട്ടാലത്ഭുതമാംവിധമങ്ങു നേടിടാം പ്രാപ്തിയാൽ ലക്ഷ്യമെല്ലാം .



രജിത അജിത്,
പൂക്കുന്നം

## പ്രണയമേ പിന്നോട്ട് നടക്കാം


പ്രണയമേ നമുക്ക് പിന്നോട്ട് നടക്കാം
അവിടെ മഞ്ഞ കോളാമ്പികൾ
മതിൽതീർത്ത ഇടവഴികൾ
ഉണ്ടോയെന്നുനോക്കണം
എന്റെപ്രാണനിൽ തൊട്ടവളുടെ
കാലടികൾ പതിഞ്ഞ മുണ്ടകപ്പാട
വരമ്പുകൾ ഉണ്ടോയെന്നു നോക്കണം
ആദ്യമായ് അവൾക്ക് ഞാൻ
പ്രണയം പകുത്ത നാൾ
അവളുടെ ഗാത്രം വിറച്ചതും
നേത്രം തുടിച്ചതും
കണ്ട് നാണത്താൽ കൂമ്പിയ
കാശിതുമ്പയിൽ പൂവുകൾ
ഉണ്ടോയെന്നു നോക്കണം
ആരുമറിയാതെൻ അന്തരാദ്മാവിൽ
അനുരാഗ തേൻതുള്ളി
പകർന്നവളാണവൾ
ഊഷരജീവിതത്തിലെന്നും
അമൃതവർഷിണി രാഗമായി
പെയ്തവളാണവൾ
ഒരു നാളവൾ പറഞ്ഞു
നമുക്ക് പിരിയാം എന്നന്നേക്കായ്
സപ്തനാഡിയും തളർന്നോരെന്നെ
ആലിംഗനത്തിലമർത്തി
അവളെന്റെ ചെവിയിൽ
മന്ത്രിച്ചു, മറക്കില്ലൊരിക്കലും
അവൾക്കായ് കാത്തിരുന്നില്ല
ഞാനൊരിക്കലും
അവൾ കാത്തിരുന്നു കാലങ്ങളോളം
നഷ്ടപ്രണയത്തിന്റെ
മധുര നൊമ്പരങ്ങൾ നിറച്ച
ഭാണ്ഡവും പേറി ഞാൻ
പ്രണയപാതിയെ കാണാൻ
കൊതിച്ച നാൾ ഞാനറിഞ്ഞു
പ്രണയത്തിൻ നൊമ്പരങ്ങൾ
ബാക്കി വച്ചെന്റെ
പ്രാണന്റെ പ്രാണൻ
പറന്നുപോയെന്നേക്കുമായ്
മൂന്നാംനാൾ മാനത്തു
വിരിഞ്ഞൊരു സ്വർണ്ണനക്ഷത്രത്തിന്ന്
അവളുടെ മുഖമായിരുന്നു
അവളെന്നെ നോക്കുന്നുണ്ടായിരുന്നു
കാലങ്ങളോളം കാത്തിരിക്കും ഞാൻ
ഒരു നാൾ ഒരു കമ്രനക്ഷത്രമായ്
നിന്നിലലിയാൻ



അജിത് സാബു

## രണഭൂമികൾ

ഉലകംനടുങ്ങുന്നു
ദിനവുംദുർവൃത്താന്ത
കാഹളംകേൾക്കു
ന്നിതെങ്ങും.
മരണംമഴക്കാറ്
തീർക്കുന്നമാനത്തു
ചോരപെയ്യാൻകാത്തി
രിക്കുന്നുകഴുകർ...
ദുരമൂത്തകാട്ടുമൃഗ
ങ്ങളെപ്പോലെ
വേട്ടക്ക്നാട്ടിലിറ
ങ്ങുന്നുമർത്യർ.....
യുദ്ധംഅതാരോട്
ചെയ്യുന്നുനിങ്ങൾ...?
പാൽമണംമാറാത്ത
പൈതങ്ങളോടോ.....?
മാറ്റുപോകുന്ന
മാതൃത്വമോടോ.....?
മാനംപറിക്കുന്നപെൺ
കിടാങ്ങൾപിടയു
മുടലൊഴുക്കിന്നാർത്ത
നാദങ്ങളോടോ.....?
അഭയംകെടേയർത്ഥ
മെല്ലാമുപേക്ഷിച്ചൊ
രാർത്താരായ്തീരും
നിരാലംബരോടോ.....?
നിരനീളെയൊരുചെറു
റൊട്ടിക്ക്കാത്തിടും
വയറൊട്ടിയലറുന്ന
രൂപങ്ങളോടോ......?
കണ്ണീർവ്രണങ്ങളു
ണങ്ങാത്തൊരായിരം
പാടുകൾരേഖപ്പെ
ടുത്തുംചരിത്രം
പഠിപ്പിച്ചതില്ലൊന്നു
മെന്നറിയുന്നുനാം
ഈരണഭൂമികൾ
കത്തിപ്പടരേ.....
വെട്ടിപ്പിടിക്കുവോർ
പൊട്ടിക്കരയുവോർ
പൊട്ടിത്തെറിക്കുവോർ
കത്തിജ്വലിക്കുവോർ
നിന്നുവാദിക്കുവോർ
വാശിനിറക്കുവോർ
ഒക്കെയുംതേടുന്ന
തെന്തേ.......?
ഉണ്ണാനൊരുവയർ,
ചുറ്റാനൊരുമുഴം
ചായാനൊരുതണൽ
താങ്ങാനിരുകൈകൾ
എന്നുമിതൊന്നല്ലേസത്യം....
എന്നിട്ടുമെന്തേയുയർ
ത്തിപിടിക്കുവാൻ
ഇന്നുമതിമൂഢമാം
ശാസനങ്ങൾ....
അതുതാനുലകതിൻ
കീഴിൽപുലരണ
മെന്നുള്ളക്രൂരമാം
വാശിയെന്തെ....?
ആറടിമണ്ണിലുറങ്ങു
ന്നതിൻമുൻപൊരാറു
പതിറ്റാണ്ട്ജീവിതം
കിട്ടുമ്പോഴാറുതല
മുറക്കുണ്ണാനുടു
ക്കാനുറങ്ങാനുമായി
കരുതിയതൊക്കെയും
ആറുവിനാഴിക
കൊണ്ടുതകർക്കുന്ന
നാശത്തിൻനര
വംശമുഖമാണ്
നിങ്ങൾ...
വംശഹത്യക്കു
മുതിരുന്നതെന്തേ....?
വംശാധിപത്യം
വെറിയായതെന്തേ....?
ഉലകിൽനാമൊന്നല്ലേ
വംശം....?
മാനവകുലമല്ലോ
നമ്മുടെയംശം....?



റീത്ത രാജി

## ഒരു പക്ഷിയായ്


എനിക്കു പറക്കണം പക്ഷം തളരാതെ
മുറിവേറ്റ പക്ഷിതൻ മോഹമാണേ..
ചുറ്റിൽ നിരക്കുന്ന ദയനീയ കണ്ണുകൾ
എൻ നേർക്കു പായ്ച്ചതു
കണ്ടുവെന്നാകിലും
സഹതാപം ഇന്നെനിക്കൊട്ടുമേ
വേണ്ട
ചിറകുകുടഞ്ഞൊന്നെണീക്കവേണം.
ആരാലുമാശ്രയ മില്ലാതിരുന്നാലും
കൂട്ടുതേടി അലയുവതില്ല ഞാൻ.
തടസ്സമുണ്ട് മാർഗ്ഗങ്ങൾ ദുർഘടം
ദുഃഖത്തിൻ കയങ്ങൾ വരിഞ്ഞു മുറുക്കുമ്പോൾ
പിടയുന്ന നോവിലും മനസ്സു തളരാതെ
ലക്ഷ്യം വയ്ക്കുന്നു മുന്നിലെ നാളിനെ
ഇന്നെന്നെ നോക്കി ചിരിക്കുന്നോരാദിത്യൻ.
പ്രതീക്ഷകൾ തന്നതും പകൽപോലെ സത്യമായ്.
അരികത്തിരുന്നൊരു പൂങ്കുയിൽ പാടുന്നു
നന്മവെളിച്ചം തെളിയുന്നു എങ്ങുമേ.
ഇന്നെന്റെ ചാരത്ത് പ്രിയമോടെയിരിപ്പവർ
കരുത്താർന്ന ചിന്തയെ തൊട്ടു തലോടുന്നു.
പാഴല്ല ഒന്നുമേ വേറിട്ട സത്യങ്ങൾ
നമ്മെ നയിക്കും തടസ്സങ്ങളില്ലാതെ.
ഒക്കെയും നാം തന്നെ തേടിയും കണ്ടെത്തി..
നിനക്കു തുണ സ്വയമെന്നറിയൂ.



അശ്വതി അജി

## പുഴവെള്ളം

അകലെ നിന്ന് നോക്കുമ്പോൾ ആനന്ദം
അടുത്തെത്തി വന്ന് നിൽക്കുമ്പോളാധി
പരിഭവം പറയുന്നവരോട് വിധിയെന്നും
പരിതാപമില്ലാത്തവന് പ്രതിഭാസവും
ഇടതടവില്ലാതെ പെയ്തൊഴിയുമ്പോൾ
ഒന്നു തണുപ്പകറ്റാൻ പുതക്കാനില്ലാത്തവന് കണ്ണിലൂടെയും പേമാരി
ഭീതിയകറ്റിയ കുടിലുള്ള വന് ഭാവന കയറി
കവിയും കാമുകനും ആവാം.
ലോക പ്രകൃതി വിധിനിയമമെന്നോർത്തു
എന്നിലും വന്നു രണ്ട് വാക്ക് .



എം.വി സഹ്‌ല ,ചെറൂപ്പ

## കാത്തിരിപ്പ്

ഉയരുന്ന ഊഞ്ഞാലിൻ കമ്പിയിൽ മുറുകെ പിടിച്ചു നോക്കുമ്പോഴും ദൂരെ
പാർക്കിന്റെയറ്റത്തെ സിമന്റു ബെഞ്ചിൽ ഇരിപ്പുണ്ടമ്മമ്മ.
എങ്ങോ ദൃഷ്ടി പായിച്ച് മിഴിയിൽ നിരാശയുടെ നോവുറവ പൊട്ടി
ദീർഘമായൊരു നിശ്വാസമയച്ച് അവരിരുന്നു.
അപ്പോഴും തെങ്ങോളമുയരത്തിൽ പറക്കുന്ന ഊഞ്ഞാലിന്റെ
നെറുകയിലിരുന്നമ്മയുമച്ഛനും ആർത്തു രസിക്കുന്നുണ്ടായിരുന്നു.
വീക്കെന്റല്ലേ ഒന്നു പുറത്തു പോയാലോ
അമ്മയച്ഛനോട് പറയുമ്പോളച്ഛൻ പറഞ്ഞത്:
അമ്മയുണ്ടല്ലോ എന്തു ചെയ്യും?
അമ്മക്കുള്ള ഉച്ചച്ചോറ് ഓർഡർ ചെയ്യാം, അമ്മ വീട്ടിലിരിക്കട്ടേ...
പ്രായമായതല്ലേ..
മേക്കപ്പിട്ടൊരുങ്ങുന്ന അമ്മയുടെ അരികിലെത്തി അച്ഛമ്മ ചോദിച്ചു,
എങ്ങോട്ടാ?
ഒന്നിടം വരേ , അമ്മ ഇവിടിരിക്ക്.
കുഞ്ഞു ബാഗും തൂക്കിയിറങ്ങിയ മാളു വാണച്ഛമ്മയോട് പറഞ്ഞത്,
പാർക്കിൽ പോവാണ്. അച്ഛമ്മയെന്താ വരാത്തത് !
പീള നിറഞ്ഞ മിഴിക്കോണിൽ കണ്ണീര് പൊട്ടിയതു കണ്ട മാളുവിന്റെ കണ്ണും നിറഞ്ഞു.
അച്ഛമ്മയില്ലേൽ മാളും പോണില്ല,
കുഞ്ഞു വാശിയിലമ്മയും വീണു.
അച്ഛമ്മയുടെ പെൻഷൻ ക്യാഷിൽ വാങ്ങിയ കാറിന്റെ
പിൻസീറ്റിലിരുന്നമ്മമ്മയും മാളുവും കളി പറഞ്ഞു ചിരിച്ചു.
പാർക്കിലെ ഒരു സിമന്റു ബെഞ്ചിലിരുത്തിയച്ഛനമ്മയോട് പറയുന്നത് കേട്ടു,
ഇവിടിരുന്നോളൂ ...
എങ്ങോട്ടും പോകരുത്.
പ്രായമായതാണെന്നോർമ വേണം.
ഇരുന്നിരുന്നു മടുത്ത നേരമവർ
തൊട്ടരികിലെ ബെഞ്ചിലേക്കൊന്നു പാളിനോക്കി.
നിരാശയുടെ നര ബാധിച്ച ചില പേക്കോലങ്ങൾ
എങ്ങോ മിഴി പായിച്ച്
നിശ്വാസമുതിർത്ത്
കാത്തിരിപ്പുണ്ട്, ചില ആഘോഷങ്ങളെ !



റശീദ് ജലാൽ വില്ലൂർ




# റെയിൽവേയിൽ 33 ശതമാനം സബ്സിഡിയോടെ പുരാതന നഗരങ്ങളിലേക്ക് ഒരു സ്പെഷ്യൽ ട്രെയിൻ

ഇന്ത്യൻ റെയിൽവേയുടെ ഭാരത് ഗൗരവ് ട്രെയിനിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ട്രെയിൻ സേവന ദാതാവായ സൗത്ത് സ്റ്റാർ റെയിൽ ടൂർ ടൈംസ് എന്ന ഇന്ത്യയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് ട്രെയിൻ ഓപ്പറേറ്ററുീ ചേർന്ന് ഖജുരാഹോ, ഒർച, സാഞ്ചി, ഗ്വാലിയർ,അജന്ത, ഏലോറ, ഹൈദരാബാദ് എന്നീ പുരാതന ആകർഷണങ്ങളിലേക്ക് ഒരു യാത്ര സംഘടിപ്പിക്കുന്നു. ജൂൺ 27-ന് ആരംഭിക്കുന്ന ഈ 13 ദിവസത്തെ യാത്രയിൽ താമസം ,ഭക്ഷണം , വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനം എന്നിവ ഉൾപ്പെടുന്ന പാക്കേജിനുള്ള ബുക്കിങ് ആരംഭിച്ചു.പ്രത്യേക ടൂറിസ്റ്റ് ട്രെയിനിൽ എ.സി , സ്ലീപ്പർ കോച്ചുകളും കൂടാതെ സ്ഥലങ്ങളും മാർഗങ്ങളും കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന പബ്ലിക് അനൗൺസ്മെന്റ് സംവിധാനം, സിസിടിവി ക്യാമറകൾ ഓരോ കോച്ചിനും പ്രത്യേക ടൂർ മാനേജർ, സെക്യൂരിറ്റി, ഹൗസ് കീപ്പിങ് എന്നീ സേവനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ യാത്രയിൽ ഉടനീളം ദക്ഷിണേന്ത്യൻ ഭക്ഷണം ലഭിക്കുന്നതാണ്. ഫസ്റ്റ് എ സിക്ക് 60000 രൂപയും സെക്കൻഡ് എ സിക്ക് 56000 രൂപയും തേർഡ് എ സിക്ക് 43000 രൂപയുമാണ് നിരക്ക് വരുന്നത്. ഠഠഠ. ടീൗവേശോലല.ശി എന്ന വെബ്സൈറ്റിലൂടെയോ അല്ലെങ്കിൽ 7305 85 85 85 എന്ന നമ്പരിൽ വിളിച്ചോ ബുക്കിംഗ് ചെയ്യാവുന്നതാണ്.

# സമ്പത്ത് വളർത്താൻ ആഗ്രഹിക്കുന്ന ചില്ലറ നിക്ഷേപകർക്ക് വിപണിയിൽ പ്രവേശിക്കാനുള്ള സമയമെന്ന് നിമേഷ് ചന്ദൻ

**കൊച്ചി:** സാമ്പത്തിക അനിശ്ചിതത്വം തുടങ്ങിയ ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥ ശക്തമായി തുടരുകയും നിക്ഷേപകർക്ക് അനുകൂലമായ അവസരങ്ങൾ നൽകുകയും ചെയ്യുന്നതായി ബജാജ് ഫിൻസെർവ് എഎംസി മേധാവി നിമേഷ് ചന്ദൻ. ആഗോള സംഘർഷങ്ങളും പകരം തീരുവ നിരക്കു വർദ്ധനകളും അന്താരാഷ്ട്ര വിപണികളിൽ കരിനിഴൽ വീഴ്ത്തിയിട്ടും ഇന്ത്യയുടെ ശക്തമായ സാമ്പത്തിക അടിത്തറകൾ പ്രതിസന്ധികളെ മറികടക്കാൻ സഹായിച്ചു.ഇന്ത്യ-പാകിസ്ഥാൻ



സംഘർഷങ്ങൾ അടുത്തിടെ വർദ്ധിച്ചത് ഇന്ത്യൻ വിപണികളിൽ കടുത്ത ചാഞ്ചാട്ടത്തിന് കാരണമായെങ്കിലും നിക്ഷേപകർ പരിഭ്രാന്തരാകേണ്ടതില്ലെന്നും ഈ ചാഞ്ചാട്ടത്തെ തന്ത്രപരമായ അവസരമായി കാണണമെന്നും ചന്ദൻ ഉപദേശിക്കുന്നു. നിഫ്റ്റി 50 കമ്പനികളുടേതുൾപ്പെടെയുള്ള കോർപ്പറേറ്റ് വരുമാനം കഴിഞ്ഞ വർഷത്തേക്കാൾ മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ലോകം അനിശ്ചിതത്വം നേരിടുമ്പോൾ ഇന്ത്യൻ വിപണികൾ തന്ത്രപരമായി ക്ഷമയോടെ നീങ്ങുന്ന നിക്ഷേപകർക്ക് നല്ല അവസരം നൽകുന്നതായി ചന്ദൻ അഭിപ്രായപ്പെട്ടു. ബിസിനസുകൾ വരാനിരിക്കുന്ന ഒരു വലിയ മുന്നേറ്റത്തിനു തയ്യാറെടുക്കുമ്പോൾ തങ്ങളുടെ സമ്പത്ത് വളർത്താൻ ആഗ്രഹിക്കുന്ന ചില്ലറ നിക്ഷേപകർക്ക് ചിന്താപൂർവ്വം വിപണിയിൽ പ്രവേശിക്കാനുള്ളതാണ് ഈ സമയമെന്ന് നിമേഷ് ചന്ദൻ അഭിപ്രായപ്പെട്ടു.


# ബെർലിങ്ടൺ ഇംഗ്ലീഷ് 'ബെർലിങ്ടൺ ഇംഗ്ലീഷ് ഫോർ നഴ്സസ്' പ്രോഗ്രാം നടത്തി

ആഗോളതലത്തിൽ ഇംഗ്ലീഷ് ഭാഷാ കോഴ്സുകൾ നടത്തുന്ന പ്രമുഖ വിദ്യാഭ്യാസ സ്ഥാപനം ബെർലിങ്ടൺ ഇംഗ്ലീഷ് കൊച്ചിയിൽ 'ബെർലിങ്ടൺ ഇംഗ്ലീഷ് ഫോർ നഴ്സസ്'എന്ന പ്രോഗ്രാം നടത്തി. മാരിയറ്റ് ഹോട്ടലിൽ നടന്ന ലീഡർഷിപ്പ് കോൺക്ലേവിന്റെ ഭാഗമായി 'വിദ്യാഭ്യാസവും നഴ്സിംഗും, തൊഴിൽ സാദ്ധ്യതകളും' എന്ന വിഷയത്തിൽ വിവിധ പാനൽ ചർച്ചകളും നടന്നു. നഴ്സിംഗ് വിദ്യാർഥികളുടെയും നഴ്സിംഗ് പ്രൊഫഷണലുകളുടെയും ഇംഗ്ലീഷ് ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകമായി രൂപകൽപന ചെയ്ത കോഴ്സാണ് ബെർലിങ്ടൺ ഇംഗ്ലീഷ് ഫോർ നഴ്സസ് എന്ന് അധികൃതർ അറിയിച്ചു.ബെർലിങ്ടൺ ഇംഗ്ലീഷ് ടീച്ചിംഗ് ആൻഡ് ട്രെയിനിംഗ് വിഭാഗം തലവൻ കൽപേഷ് അമിൻ മോഡറേറ്ററായ ചർച്ചയിൽ പ്രമുഖ വിദ്യാഭ്യാസ വിദഗ്ധരായ അമിത് ഉപാധ്യായ, എലിസബത്ത് ഡേവിഡ്, ജോസഫ് ചെറിയാൻ, പ്രൊഫ. റോയ് കെ ജോർജ്, പ്രൊഫ. സൂസൻ ജോസ് തുടങ്ങിയവർ പങ്കെടുത്തു. രോഗികൾക്കും ഡോക്ടർമാർക്കുമിടയിൽ ഒരു സുപ്രധാന ഘടകമായി പ്രവർത്തിക്കുന്ന നഴ്സുമാർ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തേണ്ടത് പ്രധാനമാണെന്നും അത് ചികിത്സയിൽ ഗുണകരമായ വ്യത്യാസം സൃഷ്ടിക്കുകയും ചെയ്യുമെന്ന് കൽപേഷ് അമിൻ പറഞ്ഞു.'മികച്ച ആശയവിനിമയ വഴി നഴ്സിംഗ് മേഖലയിലെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുക' എന്ന വിഷയത്തിൽ നടന്ന ശിൽപശാല ബെർലിങ്ടൺ ഇംഗ്ലീഷ് മാസ്റ്റർ ട്രെയിനർ ജോർജ് ജോൺ നയിച്ചു. മുഖ്യപ്രഭാഷണം നടത്തവേ ബെർലിങ്ടൺ ഇംഗ്ലീഷ് ഇന്ത്യ-ദക്ഷിണേഷ്യ എംഡി അമിത് ഭവേജ അതിവേഗം വളരുന്ന ഇന്ത്യയിലെ ആരോഗ്യമേഖലയിൽ മികച്ച ആശയവിനിമയം സുപ്രധാനമാണെന്ന് പറഞ്ഞു.




# സോണി ഇന്ത്യ ബ്രാവിയ2 II ടെലിവിഷൻ സീരീസ് പുറത്തിറക്കി

കൊച്ചി: വിനോദാനുഭവം ഉയർത്താനും നിലവിലെ മോഡൽ അപ്ഗ്രേഡ് ചെയ്യാനും ആഗ്രഹിക്കുന്നവർക്കായി 4കെ അൾട്രാ എച്ച്ഡി ലെഡ് ഡിസ്പ്ലേ സാങ്കേതികവിദ്യയോടു കൂടിയ ബ്രാവിയ2 II സീരീസ് അവതരിപ്പിച്ച് സോണി ഇന്ത്യ. ഗൂഗിൾ ടിവിയുമായി സംയോജിപ്പിച്ചിരിക്കുന്ന ടിവിയിൽ ഉപയോക്താക്കൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ച് വിവിധ ആപ്പുകൾ, സ്ട്രീമിങ് സേവനങ്ങൾ, ലൈവ് ടിവി ചാനലുകൾ എന്നിവ ആസ്വദിക്കാനാവും. 108 സെ.മീ (43 ഇഞ്ച്), 126 സെ.മീ (50 ഇഞ്ച്), 139 സെ.മീ (55 ഇഞ്ച്), 164 സെ.മീ (65 ഇഞ്ച്), 189 സെ.മീ (75 ഇഞ്ച്) എന്നിങ്ങനെ അഞ്ച് സ്ക്രീൻ വലുപ്പങ്ങളിൽ സോണിയുടെ പുതിയ ബ്രാവിയ 2 കക സീരീസ് ലഭ്യമാവും. എക്സ്1 പിക്ചർ പ്രോസസറാണ് പുതിയ മോഡലിലെ പ്രധാന ഫീച്ചറുകളിലൊന്ന്. യഥാർഥ 4കെ റെസല്യൂഷനോടു കൂടി ദൃശ്യങ്ങൾ ആസ്വദിക്കാൻ ലൈവ് കളർ ടെക്നോളജിയുമുണ്ട്. 4കെ എക്സ്-റിയാലിറ്റി പ്രോയിലൂടെ 2കെ അല്ലെങ്കിൽ ഫുൾ എച്ച്ഡിയിൽ പോലും ചിത്രീകരിച്ച ഉള്ളടക്കങ്ങൾ 4കെ റെസല്യൂഷനിൽ കാണാനാവും.മോഷൻഫ്ളോ എക്സ്ആർ നൂതന സാങ്കേതികവിദ്യ, മികച്ച ശബ്ദാനുഭവത്തിനായി ഡോൾബി അറ്റ്മോസ്, ഡിടിഎസ്:എക്സ്, ആൾട്രാ നാരോ ബെസൽ എന്നിവയാണ് മറ്റു പ്രധാന ഫീച്ചറുകൾ.



ഏറ്റവും പുതിയ സോണി പിക്ചേഴ്സ് റിലീസുകളുടെയും ക്ലാസിക് ബ്ലോക്ക്ബസ്റ്ററുകളുടെയും ശേഖരം വാഗ്ദാനം ചെയ്യുന്ന സോണി പിക്ചേഴ്സ് കോറും ബ്രാവിയ 2 കക സീരീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഓഫറുകളുടെ ഭാഗമായി, ബ്രാവിയ 2 കക ടെലിവിഷനുകൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് 5,000 രൂപ വരെ ക്യാഷ്ബാക്ക് ലഭിക്കും. കൂടാതെ, 108 സെ.മീ (43) മോഡലിന് 1,849 രൂപയിലും, 139 സെ.മീ (55), 164 സെ.മീ (65), 189 സെ.മീ (75) എന്നീ മോഡലുകൾക്ക് വെറും 2,995 രൂപയിലും ആരംഭിക്കുന്ന എളുപ്പത്തിലുള്ള ഇഎംഐ ഓപ്ഷനുകളും ലഭ്യമാണ്വിവിധ മോഡലുകൾ വില, ലഭ്യമാവുന്ന തീയതി എന്ന ക്രമത്തിൽ: കെ-75എസ്25എം2, 145,990/2025 മെയ് 20 മുതൽ, കെ-65എസ്25എം2, 97,990/ 2025 മെയ് 20 മുതൽ, കെ-55എസ്25എം2, 75,990/ നിലവിൽ ലഭ്യമാണ്, കെ-50എസ്25എം2, വിലയും ലഭ്യതയും ഉടൻ പ്രഖ്യാപിക്കും, കെ-43എസ്25എം2, 50,990/ നിലവിൽ ലഭ്യമാണ്, കെ-50എസ്22എം2 വിലയും ലഭ്യതയും ഉടൻ പ്രഖ്യാപിക്കും, കെ-43എസ്22എം2 വിലയും ലഭ്യതയും ഉടൻ പ്രഖ്യാപിക്കും. ഇന്ത്യയിലെ എല്ലാ സോണി സെൻററുകളിലും പ്രധാന ഇലക്ട്രോണിക് സ്റ്റോറുകളിലും ഇ-കൊമേഴ്സ് പോർട്ടലുകളിലും ഈ മോഡലുകൾ ലഭ്യമാകും.

# പുതിയ നിക്ഷേപകർക്കായി അഞ്ചു പദ്ധതികൾ പുനരവതരിപ്പിച്ച് എൽ.ഐ.സി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** എൽ.ഐ.സി മ്യൂചൽ ഫണ്ട് പുതു തലമുറ നിക്ഷേപകർക്കായി അഞ്ചു പദ്ധതികൾ പുനരവതരിപ്പിച്ചു. എൽ.ഐ.സി എം.എഫ് ഫോക്കസ്ഡ് ഫണ്ട്, എൽ.ഐ.സി എം.എഫ് വാല്യൂ ഫണ്ട്, എൽ.ഐ.സി എം.എഫ് സ്മോൾ കാപ് ഫണ്ട്, എൽ.ഐ.സി എം.എഫ് മൾട്ടി അസെറ്റ് അലോക്കേഷൻ ഫണ്ട്, എൽ.ഐ.സി എം.എഫ് ഡിവിഡന്റ് യീൽഡ് ഫണ്ട് എന്നിവയാണ് അഞ്ചു ഫണ്ടുകൾ.വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് നവീന നിക്ഷേപ തന്ത്രങ്ങളോടെ പുനരവതരിപ്പിക്കുന്ന ഈ ഫണ്ടുകൾ കൂടുതൽ വളർച്ചാ സാദ്ധ്യതയും മെച്ചപ്പെട്ട പ്രകടനവും കാഴ്ചവെക്കുന്നതിനാൽ വ്യത്യസ്തമായ ധന ആവശ്യങ്ങളുള്ള പുതിയ തലമുറ നിക്ഷേപകർക്ക് തീർത്തും അനുയോജ്യമായിരിക്കുമെന്ന് എൽ.ഐ.സി എം.എഫ് മ്യൂചൽ ഫണ്ട് എ.എം.സി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ യോഗേഷ് പാട്ടീൽ പറഞ്ഞു. 2025 ഏപ്രിലിലെ കണക്കുകൾ പ്രകാരം 15 ഇക്വിറ്റി ഫണ്ടുകളും 9 ഡെറ്റ് ഫണ്ടുകളും 6 ഹൈബ്രിഡ് ഫണ്ടുകളും 10 ഇ.ടി.എഫുകളും ഉൾപ്പടെ 41 ഫണ്ടുകളാണ് എൽ.ഐ.സി മ്യൂചൽ ഫണ്ട് കൈകകാര്യം ചെയ്യുന്നത്. പ്രതിമാസം 100 കോടിയിലേറെ രൂപയുടെ എസ്.ഐ.പി വരവുണ്ട്. 2025 മാർച്ച് മാസം 33,854 കോടിരൂപയുടെ ആസ്തികളാണ് എൽ.ഐ.സി മ്യൂചൽ ഫണ്ട് കൈകാര്യം ചെയ്തിരുന്നതെങ്കിൽ 2025 ഏപ്രിൽ മാസമാപ്പോൾ ഇത് 11 ശതമാനം വളർന്ന് 37,554 കോടി രൂപയുടേതായി.

# യൂണിയൻ വെൽനെസ് ഡെപ്പോസിറ്റ്


**മുംബയ്:** യൂണിയൻ ബാങ്ക് ഒഫ് ഇന്ത്യ റീട്ടെയിൽ ഉപഭോക്താക്കൾക്കായി പ്രത്യേകം രൂപകല്പന ചെയ്ത 375 ദിവസ റീട്ടെയിൽ ടേം ഡെപ്പോസിറ്റ് സ്കീം 'യൂണിയൻ വെൽനെസ് ഡെപ്പോസിറ്റ്' എന്ന പുതിയ ടേം ഡെപ്പോസിറ്റ് സ്കീം ആരംഭിച്ചു.ആരോഗ്യ ഇൻഷുറൻസിനെ ഒരു ടേം ഡെപ്പോസിറ്റ് ഉത്പ്പന്നവുമായി സംയോജിപ്പിച്ചുകൊണ്ട് സമ്പത്ത് സൃഷ്ടിക്കലും ആരോഗ്യ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകല്പന ചെയ്തിട്ടുള്ളതാണ് യൂണിയൻ വെൽനസ് ഡെപ്പോസിറ്റ്. റപേ സെലക്ട് ഡെബിറ്റ് കാർഡ് വഴി ഇത് നിരവധി ജീവിതശൈലി ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു.18നും 75നും ഇടയിൽ പ്രായമുള്ളവർക്ക് വ്യക്തിഗതമായോ സംയുക്തമായോ, ഈ പദ്ധതി ലഭ്യമാണ്. ജോയിന്റ് അക്കൗണ്ടുകൾക്ക്, പ്രാഥമിക അക്കൗണ്ട് ഉടമയ്ക്ക് മാത്രമേ ഇൻഷുറൻസ് പരിരക്ഷയ്ക്ക് അർഹതയുള്ളൂ.10 ലക്ഷം രൂപ മുതൽ പരമാവധി 3 കോടി രൂപ വരെയുള്ള നിക്ഷേപ തുക വാഗ്ദാനം ചെയ്യുന്നു. കാലാവധിക്ക് മുൻപ് നിക്ഷേപം പിൻവലിക്കാനുള്ള സൗകര്യവും, നിക്ഷേപത്തിനെതിരെ വായ്പകളും ലഭ്യമാണ്. 375 ദിവസത്തെ നിശ്ചിത കാലാവധിയുള്ള ഈ പദ്ധതിക്ക് വാർഷിക പലിശ നിരക്ക് 6.75% ആണ്. മുതിർന്ന പൗരന്മാർക്ക് 0.50% അധിക പലിശയും ലഭിക്കും.

# ജീവനക്കാരുടെ ബോണസ് വെട്ടിക്കുറച്ചതായി ഇൻഫോസിസ്, കാരണമിതോ?

ബെംഗളൂരു: ബിസിനസ് സമ്മർദ്ദങ്ങളും കുറഞ്ഞ സാമ്പത്തിക ഫലങ്ങളും ചൂണ്ടിക്കാട്ടി, 2025 മാർച്ച് പാദത്തിലെ പെർഫോമൻസ് ബോണസുകൾ കുറയ്ക്കുന്നതിനെക്കുറിച്ച് ജീവനക്കാർക്ക് ഇൻഫോസിസ് മുന്നറിയിപ്പ് നൽകി. സോഫ്റ്റ്വെയർ സേവന മേഖലയിലെ തുടർച്ചയായ അനിശ്ചിതത്വങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് ഈ നീക്കം എന്ന് ഇക്കണോമിക് ടൈംസിനെ ഉദ്ദരിച്ച് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്യുന്നു. എച്ച്ആർ ടീമും ഡെലിവറി മാനേജർമാരും തമ്മിൽ അടുത്തിടെ നടന്ന ഒരു വീഡിയോ കോൺഫറൻസിന് ഇടയിലാണ് ഇൻഫോസിസ് 'ബോണസ് കട്ട്' പ്രഖ്യാപനം നടത്തിയത്.ഇത് ഒരു താൽക്കാലിക മാന്ദ്യമാണെന്നും മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് അടുത്ത വളർച്ചാ കാലയളവിൽ മികച്ച ബോണസ് ശുപാർശകൾ നൽകുമെന്നും ഇൻഫോസിസ് കമ്പനി ജീവനക്കാർക്ക് ഉറപ്പ് നൽകിയതായും റിപ്പോർട്ട് വ്യക്തമാക്കുന്നു. അറ്റാദായത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 11.7% ഇടിവ് രേഖപ്പെടുത്തിയതിനെ തുടർന്നാണ് ഇൻഫോസിസിലെ പേഔട്ട് ക്രമീകരണം എന്നാണ് റിപ്പോർട്ട്. ഇൻഫോസിസ് 2024-25 സാമ്പത്തിക വർഷത്തെ നാലാം പാദത്തിൽ അറ്റാദായത്തിൽ 11.7% വാർഷിക ഇടിവ് രേഖപ്പെടുത്തിയിരുന്നു.ഡെലിവറി സമയക്രമം പാലിക്കുന്നതിന് അധിക മണിക്കൂറുകളും വാരാന്ത്യ ജോലിയും കാഴ്ചവെച്ച ജീവനക്കാർക്ക്, കമ്പനി അവരുടെ തുടർച്ചയായ ശ്രമങ്ങളെ വിലമതിക്കുമെന്ന് കോൺഫറൻസിൽ ഇൻഫോസിസ് അധികൃതർ ഉറപ്പുനൽകി. ബിസിനസ് വീണ്ടെടുക്കലിനെ ആശ്രയിച്ച്, അടുത്ത മൂല്യനിർണ്ണയ സൈക്കിളിൽ ഉയർന്ന പ്രകടനം കാഴ്ചവയ്ക്കുന്നവരെ ഉയർന്ന അംഗീകാരത്തിനായി ശുപാർശ ചെയ്തേക്കാമെന്ന് കമ്പനി അറിയിച്ചതായും റിപ്പോർട്ടുകൾ ഉണ്ട്. ഫെബ്രുവരിയിൽ ഇൻഫോസിസ് അവരുടെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ഉത്തരവുകൾ നൽകിയിരുന്നു. ഭൂരിപക്ഷത്തിനും അഞ്ച് ശതമാനം മുതൽ എട്ട് ശതമാനം വരെ വർധനവുണ്ടായിരുന്നത്. ഡിസംബറിൽ അവസാനിച്ച പാദത്തിൽ, ഇൻഫോസിസ് ഡെലിവറി, സെയിൽസ് യൂണിറ്റുകളിലെ യോഗ്യരായ ജീവനക്കാർക്ക് ശരാശരി 80% പ്രകടന ബോണസ് വിതരണം ചെയ്തു, ഇതിൽ 323,000-ത്തിലധികം വരുന്ന ജീവനക്കാരിൽ ഭൂരിഭാഗവും ഉൾപ്പെടുന്നു.നിരവധി ജീവനക്കാർ ജോലിക്കായി അധിക മണിക്കൂറുകളും വാരാന്ത്യത്തിൽ അധിക ജോലിയും ചെയ്തതായി കോൺഫറൻസ് കോളിൽ ടീം ലീഡർമാർ അംഗീകരിച്ചു.

മികച്ച ബിസിനസ് പ്രകടനത്തിന്റെ കാലഘട്ടത്തിൽ കമ്പനി അനുകൂലമായ വർദ്ധനവ്, ബോണസുകൾ, പ്രമോഷനുകൾ, അന്താരാഷ്ട്ര ഓൺ-സൈറ്റ് അവസരങ്ങൾ എന്നിവ നൽകിയിട്ടുണ്ടെന്ന് കമ്പനി എക്സിക്യൂട്ടീവുകൾ ചില പരിചയസമ്പന്നരായ ജീവനക്കാരെ അറിയിച്ചു. മാർച്ച് 10 മുതൽ പുതിയ വർക്ക് ഫ്രം ഹോം നയം കമ്പനി നടപ്പിലാക്കിയതായും റിപ്പോർട്ടുകൾ പറയുന്നു. ജീവനക്കാർ പ്രതിമാസം 10 ദിവസം ഓഫീസിൽ നിന്ന് ജോലി ചെയ്യണമെന്ന് നിഷ്കർഷിക്കുന്ന ഒരു നയമാണ് ഇൻഫോസിസ് അടുത്തിടെ നടപ്പിലാക്കിയത്. നിശ്ചിത ദിവസങ്ങൾക്കപ്പുറം വീട്ടിൽ നിന്ന് ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ജീവനക്കാർക്ക് കമ്പനി രണ്ട് തലങ്ങളിലുള്ള അംഗീകാര പ്രക്രിയയും നടപ്പിലാക്കിയിട്ടുണ്ടെന്ന് റിപ്പോർട്ടുകൾ പറയുന്നു.

# പണിതിട്ടും പണിതിട്ടും പണിതീരാതെ മുല്ലശേരി കനാൽ



**കൊച്ചി:** കൊച്ചി നഗരത്തിലെ വെള്ളക്കെട്ടുകളുടെ പ്രധാനകാരണങ്ങളിലൊന്നായ മുല്ലശേരി കനാൽ നവീകരണം എങ്ങുമെത്താതെ തുടരുകയാണ്. ഓപ്പറേഷൻ ബ്രേക്ക്ത്രൂവിന്റെ ഭാഗമായി ആഴവും വീതിയും കൂട്ടാൻ പൊളിച്ചിട്ട കനാൽ എന്നു തീരുമെന്ന് ആർക്കും തിട്ടമില്ലാത്ത അവസ്ഥയാണ്. ഹൈക്കോടതിയുടെ നിരന്തര ഇടപെലിലാണ് ഇഴഞ്ഞു നീങ്ങുന്ന ജോലികൾ പോലും നടന്നുവരുന്നത്. നിലവിലുള്ള കരാർ കാലാവധി ഈ മാസം അവസാനിക്കാനിച്ചാലും പണി തീരില്ലെന്നുറപ്പ്.ഒരു കിലോ മീറ്ററിൽ താഴെ മാത്രം നീളമുള്ള മുല്ലശേരി കനാലിന്റെ പുനരുദ്ധാരണം വർഷങ്ങൾ ക്കുമുമ്പ് തുടങ്ങിയതാണ്. ഏതാണ്ട് 250 മീറ്ററോളം ദൂരം ഇനിയും പൂർത്തിയാകാനുണ്ട്. റെയിൽവെ ലൈനിനടിയിലുള്ള കൽവർട്ടിനുള്ളിലെ പൈപ്പുകൾ മാറ്റി ആഴവും വീതിയും കൂട്ടിയില്ലെങ്കിൽ നിലവിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പൂർണ പ്രയോജനം ലഭ്യമാകു.മഴ തുടങ്ങിയാൽ മുല്ലശേരി കനാലിൽ നിന്നുള്ള മലിനജലം കെഎസ്ആർടിസി സ്റ്റാന്റിനെ കായൽപരപ്പാക്കിമാറ്റും. ഈ സമയം ബസുകൾ രാജാജി റോഡിലും സലിം രാജൻ റോഡിലും പാർക്കുചെയ്യേണ്ടി വരുന്നു. വിദേശ ടൂറിസ്റ്റുകളടക്കം ആയിരക്കണക്കിന് യാത്രക്കാർ ദിവസേന എത്തുന്ന സ്റ്റാന്റിലെ വെള്ളക്കെട്ട് വളരുന്ന കൊച്ചിയുടെ ടൂറിസം സാധ്യതകൾക്കും തിരിച്ചടിയായിരിക്കുകയാണ്.മഴ തുടങ്ങിയാൽ എം.ജി റോഡിലെ വ്യാപാരികളുടെ ഉറക്കം നഷ്ടപ്പെടും. രാത്രിയിൽ കടപൂട്ടി വീട്ടിൽ പോയാൽ രാവിലെ കട തുറക്കാൻ വരുമ്പോൾ കട വെള്ളത്തിനടിയിലായിരിക്കും. നിലവിൽ കനാൽ പൊളിച്ച് കല്ലും മണ്ണും കൂട്ടിയിട്ട് മഹാരാജാസ് കോളേജ് ഗ്രൗണ്ടിനുസമീപമുള്ള പഴയ ഫാഷൻ സ്ട്രീറ്റിലും പി.ടി.ഉഷറോഡിലും വ്യാപാരികൾക്ക് വലിയ വ്യാപാര നഷ്ടമാണുണ്ടായിരിക്കുന്നത്. പണി എന്നു തീരുമെന്നറിയാത്തതിനാൽ ചിലർ വ്യാപാരം അവസാനിപ്പിച്ചുകഴിഞ്ഞു.5ഹൈക്കോടതിയുടെയും ജനപ്രതിനിധികളുടെയും സത്വര ശ്രദ്ധയുണ്ടായില്ലെങ്കിൽ ഈ കാലവർഷവും കനാൽ ജലം വീടുകളും കടകളും ബസ്സ്റ്റാന്റും കീഴടക്കും. കോർപ്പറേഷനും ജിസിഡിഎയും വാട്ടർ അഥോറിട്ടിയും കലക്ടറും ഉണർന്നു പ്രവർത്തിച്ച് കനാൽ നവീകരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നാണ് റെസിഡൻസ് അസോസിയേഷനുകളുടേയും വ്യാപാരി വ്യാവസായി സമൂഹത്തിന്റെയും അഭിപ്രായം.



# ഐഫോൺ, ഐപാഡ് ഉപയോക്താക്കൾക്ക് മുന്നറിയിപ്പുമായി കേന്ദ്ര സർക്കാർ

ദില്ലി: കേന്ദ്ര സർക്കാരിൻറെ സൈബർ സുരക്ഷാ ഏജൻസിയായ ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (ഇളഞ്ഞഠകി) രാജ്യത്തെ ഐഫോൺ, ഐപാഡ് ഉപയോക്താക്കൾക്കായി ഒരു സുപ്രധാന സുരക്ഷാ മുന്നറിയിപ്പ് പുറപ്പെടുവിച്ചു. ആപ്പിളിൻറെ മൊബൈൽ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളായ ഐഒഎസ്, ഐപാഡ് ഒഎസ് എന്നിവയിൽ കണ്ടെത്തിയ നിരവധി അപകടസാധ്യതകളെ ഈ മുന്നറിയിപ്പ് എടുത്തുകാണിക്കുന്നു. സൈബർ കുറ്റവാളികൾ ഉപകരണങ്ങൾ ഹാക്ക് ചെയ്യാനോ ഡാറ്റ മോഷ്ടിക്കാനോ ഉപകരണം പൂർണ്ണമായും ക്രാഷ് ചെയ്യാനോ സാധ്യതയുണ്ട് എന്നാണ് മുന്നറിയിപ്പ്.ആപ്പിളിൻറെ ഐഒഎസ്, ഐപാഡ്ഒഎസ് എന്നിവയിൽ കണ്ടെത്തിയ ഗുരുതരമായ ഒരു പ്രശ്നം, ചില ദോഷകരമായ ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിനോ ഉപകരണങ്ങളെ പ്രതികരിക്കാത്തതാക്കുന്നതിനോ, പൂർണ്ണമായും പ്രവർത്തനരഹിതമാക്കുകയോ ചെയ്യാൻ അനുവദിക്കുമെന്ന് സെർട്-ഇൻ പുറപ്പെടുവിച്ച ഈ മുന്നറിയിപ്പ് പറയുന്നു. ഈ പിഴവുകൾ ഉപയോഗപ്പെടുത്തി ഹാക്കർമാർക്ക് നിങ്ങളുടെ സെൻസിറ്റീവ് ഡാറ്റ ആക്സസ് ചെയ്യാൻ കഴിയും.ചിലപ്പോൾ നിങ്ങളുടെ ഉപകരണങ്ങൾ പൂർണ്ണമായും ഉപയോഗശൂന്യമാക്കാമെന്നും ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം രാജ്യത്തെ ആപ്പിൾ ഉപയോക്താക്കൾക്ക് നിൽകിയ അതിതീവ്രത മുന്നറിയിപ്പിൽ വ്യക്തമാക്കുന്നു.കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിൻറെ റിപ്പോർട്ട് അനുസരിച്ച്, 18.3 ന് മുകളിലുള്ള ഐഒഎസ് പതിപ്പുകൾ പ്രവർത്തിപ്പിക്കുകയാണെങ്കിൽ, ഐഫോൺ എസ്ക്എസും അതിനുമുകളിലുള്ളതും ഉൾപ്പെടെ നിരവധി ഉപകരണങ്ങളെ ഈ അപകടസാധ്യത ബാധിച്ചേക്കാം. ഇതിനുപുറമെ, ഐപാഡ് പ്രോ (12.9 ഇഞ്ച് രണ്ടാം തലമുറയും അതിനുശേഷമുള്ള മോഡലുകളും), ഐപാഡ് പ്രോ (10.5 ഇഞ്ച്), ഐപാഡ് ആറാം തലമുറയും അതിനുശേഷമുള്ള മോഡലുകളും, ഐപാഡ് എയർ മൂന്നാം തലമുറയും അതിനുശേഷമുള്ള മോഡലുകളും, ഐപാഡ് മിനി അഞ്ചാം തലമുറയും അതിനുശേഷമുള്ള മോഡലുകളും അപകടത്തിലായേക്കാം.ഐഒഎസ് 18.3-ന് മുമ്പുള്ള പതിപ്പുകൾ (ഐഫോൺ എക്സ്എസ്-നും പുതിയതിനും)
ഐപാഡ്ഒഎസ് 17.7.3-ന് മുമ്പുള്ള പതിപ്പുകൾ (ഐപാഡ് പ്രോ 12.9-ഇഞ്ച് രണ്ടാം തലമുറ, ഐപാഡ് പ്രോ 10.5-ഇഞ്ച്, ഐപാഡ് 6-ാം തലമുറ)

ഐപാഡ്ഒഎസ് 18.3-ന് മുമ്പുള്ള പതിപ്പുകൾ (മറ്റെല്ലാ പുതിയ ഐപാഡ് മോഡലുകൾക്കും)

ഉപയോക്താക്കൾ എന്തുചെയ്യണം?

ഈ സൈബർ ഭീഷണി ഒഴിവാക്കാൻ എല്ലാ ഉപയോക്താക്കളും അവരുടെ ഉപകരണങ്ങൾ ഏറ്റവും പുതിയ സോഫ്റ്റ്വെയർ പതിപ്പിലേക്ക് ഉടൻ അപ്ഡേറ്റ് ചെയ്യണമെന്ന് സെർട്-ഇൻ നിർദ്ദേശിച്ചു. കൂടാതെ, അജ്ഞാതമായതോ സ്ഥിരീകരിക്കാത്തതോ ആയ ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യരുതെന്നും വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്ന് മാത്രം ആപ്പുകൾ ഡൗൺലോഡ് ചെയ്യണമെന്നും സെർട്-ഇൻ ശുപാർശ ചെയ്യുന്നു. സംശയാസ്പദമായ ലിങ്കുകളിലോ സന്ദേശങ്ങളിലോ യാതൊരു കാരണവശാലും ക്ലിക്ക് ചെയ്യുകയും അരുത്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com

# ഐ.പി.എൽ ഫൈനലിൽ ഇന്ന്

## ആർ.സി.ബി – പഞ്ചാബ് കിംഗ്സ് പോരാട്ടം




അഹമ്മദാബാദ് : 18 വർഷം നീണ്ട വിരാട് കൊഹ്‌ലിയുടെ കിരീട സ്വപ്നങ്ങൾ പൂവണിയുമോ അതോ പഞ്ചാബ് കിംഗ്സിന്റെ പ്രതീക്ഷകൾ സഫലമാകുമോ എന്ന് ഇന്നറിയാം. 18-ാം സീസൺ ഐ.പി.എല്ലിന്റെ ഫൈനലിൽ ആർ.സി.ബിയും പഞ്ചാബ് കിംഗ്സും തമ്മിലുള്ള കലാശപ്പോരിന് അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയമാണ് വേദിയാകുന്നത്. രാത്രി ഏഴരയ്ക്കാണ് ഫൈനൽ മത്സരം നടക്കുന്നത്.ഐ.പി.എൽ ആരംഭിച്ച നാൾ മുതൽ കിരീടസാദ്ധ്യതയുള്ള ടീമുകളായി കണക്കാക്കുന്ന ആർ.സി.ബിയും പഞ്ചാബും ഈ സീസണിന്റെ തുടക്കം മുതൽ മികച്ച പ്രകടനം കാഴ്ചവച്ചാണ് ഫൈനലിലേക്ക് എത്തിയിരിക്കുന്നത്. പ്രാഥമിക റൗണ്ടിലെ 14 മത്സരങ്ങളിൽ ഒൻപത് വിജയങ്ങൾ നേടുകയും നാലു തോൽവികൾ വഴങ്ങുകയും ഓരോ കളി മഴയിൽ കുടുങ്ങി പോയിന്റ് പങ്കുവയ്ക്കുകയും ചെയ്ത് 19 പോയിന്റ് വീതമാണ് ഇരു ടീമുകളും നേടിയത്. റൺറേറ്റിലെ മികവിൽ പഞ്ചാബ് പോയിന്റ് പട്ടികയിൽ ഒന്നാമന്മാരായി ഫിനിഷ് ചെയ്തപ്പോൾ ആർ.സി.ബി രണ്ടാമതായി.ചണ്ഡിഗഢിൽ നടന്ന ആദ്യ ക്വാളിഫയറിൽ ഇരുവരും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ എട്ടുവിക്കറ്റിന് ജയിച്ചാണ് ആർ.സി.ബി ഫൈനലിലേക്ക് ആദ്യമെത്തിയത്. ആ തോൽവിക്ക് ശേഷം രണ്ടാം ക്വാളിഫയറിൽ മുംബയ് ഇന്ത്യൻസിനെ അഞ്ചുവിക്കറ്റിന് മലർത്തിയടിച്ച് പഞ്ചാബ് ഫൈനലിലേക്ക് ടിക്കറ്റെടുത്ത് വീണ്ടും ആർ.സി.ബിക്ക് മുന്നിലെത്തിയിരിക്കുകയാണ്. പ്ളേ ഓഫിലെ പരിചയസമ്പന്നരായ മുംബയ്‌യെ തോൽപ്പിക്കാൻ നായകന്റെ ഇന്നിംഗ്സ് പുറത്തെടുത്ത ശ്രേയസ് അയ്യർ നൽകുന്ന ആത്മവിശ്വാസവുമായാണ് പഞ്ചാബ് എത്തുന്നത്. കഴിഞ്ഞ സീസണിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ കിരീടത്തിലെത്തിച്ച ശ്രേയസ് നയിച്ച മൂന്ന് ടീമുകളെയും പ്ളേ ഓഫിലെത്തിച്ച നായകനുമാണ്. ഇതേവേദിയിൽ മുംബയ് ഉയർത്തിയ 204 റൺസിന്റെ ലക്ഷ്യം 41 പന്തുകളിൽ അഞ്ചുഫോറുകളും എട്ടുസിക്സുകളുമടക്കം പുറത്താകാതെ 87 റൺസ് നേടിയ ശ്രേയസിന്റെ കരുത്തിന് മുന്നിലാണ് ഒന്നുമല്ലാതായത്.

വിരാടിന്റെ സ്വപ്നവും അയ്യരെന്ന ആശ്രയവും

1.ഈ സീസണിലും മികച്ച ഫോമിലുള്ള വിരാട് കൊഹ്‌ലിയാണ് ആർ.സി.ബിയുടെ ആവേശം. സീസണിലെ 14 മത്സരങ്ങളിൽ എട്ട് അർദ്ധസെഞ്ച്വറികളടക്കം 614 റൺസ് നേടിയ വിരാട് ഓറഞ്ച് ക്യാപ്പിനുള്ള പോരിൽ അഞ്ചാമതാണ്.
2.ഓപ്പണർ ഫിൽ സാൾട്ട്, നായകൻ രജത് പാട്ടീദാർ,ജിതേഷ് ശർമ്മ, മായാങ്ക് അഗർവാൾ, റൊമാരിയോ ഷെപ്പേഡ് തുടങ്ങിയ ബാറ്റർമാർ മികച്ച ഫോമിലാണ്.
3. പരിക്കുമാറി തിരിച്ചെത്തിയ ജോഷ് ഹേസൽവുഡിന്റെ സാന്നിദ്ധ്യമാണ് ആർ.സി.ബി പേസ് ബാറ്ററിയുടെ കരുത്ത്. ആദ്യ ക്വാളിഫയറിലും ജോഷിന്റെ ചൂട് പഞ്ചാബ് അറിഞ്ഞിരുന്നു.
4.പേസർമാരായി യഷ് ദയാലും ഭുവനേശ്വർ കുമാറുമുണ്ട്. ക്വാളിയറിൽ മൂന്ന് വിക്കറ്റ് വീഴ്ത്തി പഞ്ചാബിനെ നശിപ്പിച്ചുകളഞ്ഞത് സ്പിന്നർ സുയാഷ് ശർമ്മയാണ്. ആൾറൗണ്ടറായി ക്രുനാൽ പാണ്ഡ്യയും സംഘത്തിലുണ്ട്.

1. അതിഗംഭീര ഫോമിലുള്ള ശ്രേയസ് അയ്യരാണ് പഞ്ചാബിന്റെ ആശ്രയം. ആദ്യ ക്വാളിഫയറിൽ ശ്രേയസ് രണ്ട് റൺസിൽ പുറത്തായതാണ് ടീമിന്റെ നട്ടെല്ലൊടിച്ചുകളഞ്ഞത്. അതിൽ നിന്ന് ശ്രേയസ് മോചിതനായെന്ന് തെളിയിക്കുന്നതായിരുന്നു മുംബയ്ക്ക് എതിരായ ഇന്നിംഗ്സ്.
2. പ്രിയാംശ് ആര്യ,പ്രഭ്സിമ്രാൻ സിംഗ്,ജോഷ് ഇൻഗ്ലിസ്,നെഹാൽ വധേര,മാർക്ക് സ്റ്റോയ്നിസ്,ശശാങ്ക് സിംഗ് എന്നിങ്ങനെ നല്ല ആഴവും പരപ്പുമുള്ളതാണ് പഞ്ചാബ് ബാറ്റിംഗ് നിര.
3. ട്വന്റി-20യിലെ മികച്ച ബൗളർമാരിലൊരാളായ അർഷ്ദീപ് സിംഗാണ് പഞ്ചാബി പേസ് ആക്രമത്തിന്റെ കുന്തമുന. 16 കളികളിൽ നിന്ന് 18 വിക്കറ്റുകൾ അർഷ്ദീപ് നേടിക്കഴിഞ്ഞു. പക്ഷേ ആദ്യ ക്വാളിഫയറിൽ രണ്ടോവറേ അർഷ്ദീപിന് നൽകിയിരുന്നുള്ളൂ.
4. പേസർമാരായ കൈൽ ജാമീസൺ, അസ്മത്തുള്ള ഒമർസായ്, ഹർപ്രീത് ബ്രാർ എന്നിവർ കൂടി ഫോമിലേക്ക് ഉയർന്നാലേ രക്ഷയുള്ളൂ. സ്പിന്നർ ചഹലിന്റെ തിരിച്ചുവരവ് രണ്ടാം ക്വാളിഫയറിൽ ടീമിന് ആത്മവിശ്വാസം നൽകിയിരുന്നു.

ഈ സീസണിൽ ഇത് നാലാം തവണയാണ് പഞ്ചാബും ആർ.സി.ബിയും ഏറ്റുമുട്ടുന്നത്.

ഏപ്രിൽ 18 ന് ബെംഗളൂരുവിൽ നടന്ന മത്സരത്തിൽ പഞ്ചാബ് അഞ്ചുവിക്കറ്റിന് ജയിച്ചു
ഏപ്രിൽ 20ന് ചണ്ഡിഗഢിൽ നടന്ന മത്സരത്തിൽ ആർ.സി.ബി ഏഴുവിക്കറ്റിന് ജയിച്ചു.
മേയ് 29ന് ചണ്ഡിഗഢിൽ നടന്ന ആദ്യ ക്വാളിഫയറിൽ ആർ.സി.ബി എട്ടുവിക്കറ്റിന് ജയിച്ചു.

ക്വാളിഫയറിലെ കളി

ഈ സീസണിലെ പഞ്ചാബിന്റെ ഏറ്റവും മോശം പ്രകടനങ്ങളിലൊന്നാണ് ആർ.സി.ബിക്ക് എതിരായ ആദ്യ ക്വാളിഫയറിൽ കണ്ടത്. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത പഞ്ചാബ് 14.1 ഓവറിൽ 101 റൺസിന് ആൾഔട്ടായി. ആർ.സി.ബി 10 ഓവറിൽ തിരിച്ചടിച്ച് ജയിച്ചു.ഇത് നാലാംതവണയാണ് ആർ.സി.ബി ഫൈനലിലെത്തുന്നത്. 2009,2011,2016 സീസണുകളിലും ഫൈനലിലെത്തിയെങ്കിലും ഇതുവരെ കിരീടം നേടാനായിട്ടില്ല. പഞ്ചാബ് ഇതിന് മുമ്പ് 2014ലേ ഫൈനലിലെത്തിയിട്ടുള്ളൂ. അതിന് ശേഷം പ്ളേ ഓഫിലെത്തിയതും ഇക്കുറിയാണ്.ഇതുവരെ 35 മത്സരങ്ങളിൽ ഇരുടീമുകളും ഏറ്റുമുട്ടിയിട്ടുണ്ട്. ഇതിൽ 18 തവണ പഞ്ചാബും 17 എണ്ണത്തിൽ ആർ.സി.ബിയും ജയിച്ചു.14 മത്സരങ്ങളിൽ നിന്ന് 614 റൺസ് നേടിയ വിരാട് കൊഹ്‌ലിയാണ് ആർ.സി.ബി ബാറ്റർമാരിൽ മുന്നിലുള്ളത്. സീസണിൽ ഏറ്റവും കൂടുതൽ റൺസ് നേടിയവരിൽ അഞ്ചാം സ്ഥാനത്ത്. 8 അർദ്ധസെഞ്ച്വറികൾ നേടി.16 മത്സരങ്ങളിൽ നിന്ന് 603 റൺസ് നേടിയ ശ്രേയസ് അയ്യരാണ് പഞ്ചാബ് ബാറ്റർമാരിലെ ഇതുവരെയുള്ള ടോപ് സ;കോറർ. ആറ് അർദ്ധസെഞ്ച്വറികളും നേടി.11 മത്സരങ്ങളിൽ നിന്ന് 21 വിക്കറ്റ് വീഴ്ത്തിയ ജോഷ് ഹേസൽവുഡാണ് ആർ.സി.ബി ബൗളർമാരിൽ മുന്നിലുള്ളത്. 16 മത്സരങ്ങളിൽ നിന്ന് 18 വിക്കറ്റ് വീഴ്ത്തിയ അർഷ്ദീപാണ് പഞ്ചാബിനായി ഇത്തവണ കൂടുതൽ വിക്കറ്റ് വീഴ്ത്തയിത്.

EDITORS CHOICE




# ലോക സൈക്കിൾ ദിനം

2018-ൽ സ്ഥാപിതമായതുമുതൽ, എല്ലാ വർഷവും ജൂൺ 3 ന് പല രാജ്യങ്ങളിലെയും അഭിഭാഷകർ ലോക സൈക്കിൾ ദിനമായി ആചരിച്ചുവരുന്നു. തുർക്ക്മെനിസ്ഥാൻ സർക്കാർ നേതൃത്വം നൽകിയ യുഎൻ ജനറൽ അസംബ്ലി പ്രമേയത്തിലൂടെ അംഗീകരിച്ച ലോക സൈക്കിൾ ദിനം 'സൈക്കിളിന്റെ പ്രത്യേകത, ദീർഘായുസ്സ്, വൈവിധ്യം... ലളിതവും, താങ്ങാനാവുന്നതും, വിശ്വസനീയവും, വൃത്തിയുള്ളതും, പരിസ്ഥിതിക്ക് അനുയോജ്യവുമായ സുസ്ഥിര ഗതാഗത മാർഗ്ഗം, പരിസ്ഥിതി സംരക്ഷണവും ആരോഗ്യവും വളർത്തിയെടുക്കൽ' എന്നിവയെ അംഗീകരിക്കുന്നു. ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും, സുസ്ഥിര വികസനം വർദ്ധിപ്പിക്കുന്നതിനും, കുട്ടികൾക്കും യുവാക്കൾക്കും ശാരീരിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും, ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും, രോഗങ്ങൾ തടയുന്നതിനും, സാമൂഹിക ഉൾപ്പെടുത്തലിനും സമാധാന സംസ്കാരത്തിനും സൗകര്യമൊരുക്കുന്നതിനുമുള്ള ഒരു മാർഗമായി സൈക്കിൾ ഉപയോഗിക്കുന്നതിനെ വക്താക്കൾ പ്രോത്സാഹിപ്പിക്കുന്നു.

അടുത്തിടെ, ഇ꠰രഢകഉ19 പാൻഡെമിക് ഗതാഗത ആവശ്യങ്ങളിലും പെരുമാറ്റത്തിലും മാറ്റം വരുത്തി, പല നഗരങ്ങളെയും അവയുടെ ഗതാഗത സംവിധാനങ്ങൾ പുനർവിചിന്തനം ചെയ്യാൻ പ്രേരിപ്പിച്ചു. 'മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള' ശ്രമങ്ങളുടെ ഭാഗമായി, സൈക്ലിംഗിനെ ആരോഗ്യകരവും ഹരിതവും സാമ്പത്തികവുമായ ഒരു ഗതാഗത ബദലായി അവതരിപ്പിക്കുന്നു. 'സുസ്ഥിര വികസനത്തിനായി പൊതുഗതാഗത സംവിധാനങ്ങളിലേക്ക് മുഖ്യധാരാ സൈക്ലിംഗ് സംയോജിപ്പിക്കുക' എന്ന വിഷയത്തിൽ 2022-ൽ അംഗീകരിച്ച ഒരു പുതിയ യുഎൻ പൊതുസഭ പ്രമേയം ഈ തത്വങ്ങളെ ശക്തിപ്പെടുത്തുന്നു. ഈ പ്രമേയത്തിലൂടെ, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും എല്ലാ പ്രായത്തിലുമുള്ള ആളുകൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ അംഗങ്ങളിലും സൈക്കിൾ പ്രോത്സാഹിപ്പിക്കാനും സമൂഹത്തിൽ സൈക്ലിംഗ് സംസ്കാരം വളർത്തിയെടുക്കാനും സർക്കാരുകൾ പ്രതിജ്ഞാബദ്ധമാണ്.

ശാരീരിക പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക, കാൻസർ, പ്രമേഹം തുടങ്ങിയ സാംക്രമികേതര രോഗങ്ങൾ കുറയ്ക്കുക, വായു, ശബ്ദ മലിനീകരണം കുറയ്ക്കുക എന്നിവയുൾപ്പെടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും സൈക്ലിംഗിന്റെ എണ്ണമറ്റ നേട്ടങ്ങൾക്കായി ണഒഛ സജീവമായി പ്രോത്സാഹിപ്പിക്കുന്നു.

ലോകമെമ്പാടുമുള്ള സർക്കാരുകളെപ്പോലെ, വിദ്യാഭ്യാസം, ഊർജ്ജം, തൊഴിൽ, നഗരങ്ങൾ, അസമത്വങ്ങൾ എന്നിവയുൾപ്പെടെ നിരവധി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സൈക്ലിംഗിനെ ഒരു സഹായകമായി അംഗീകരിക്കുന്നു. സൈക്ലിംഗിന്റെ സാധ്യതകൾ പുറത്തുവിടുന്നതിന്, റോഡുകൾ സുരക്ഷിതമായിരിക്കണം എന്നതാണ് അടിസ്ഥാന ആശയം. ലോക സൈക്കിൾ ദിനത്തോടനുബന്ധിച്ച്, സൈക്ലിംഗിനെ പ്രോത്സാഹിപ്പിക്കുന്നതിനും, റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനും, ആളുകളുടെയും അവർ താമസിക്കുന്ന, ജോലി ചെയ്യുന്ന, കളിക്കുന്ന സ്ഥലങ്ങളുടെയും ആരോഗ്യവും ക്ഷേമവും വർദ്ധിപ്പിക്കുന്നതിനും ണഒഛ നിരവധി വിഭവങ്ങളും വസ്തുക്കളും പുറത്തിറക്കിയിട്ടുണ്ട്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com